₹ 5/-

# റിയൽ ലൈഫ് വോയ്സ്

# REAL LIFE VOICE

Monthly

Volume 12
Issue 4

**October 2023**

pages 24

"ഈ ന്യായപ്രമാണപുസ്തകത്തിലുള്ളത് നിന്റെ വായിൽനിന്നു നീങ്ങിപ്പോകരുത്; അതിൽ എഴുതിയിരിക്കുന്നതുപോലെയൊക്കെയും പ്രമാണിച്ചു നടക്കേണ്ടതിന് നീ രാവും പകലും അത് ധ്യാനിച്ചുകൊണ്ടിരിക്കേണം; എന്നാൽ നിന്റെ പ്രവൃത്തി സാധിക്കും; നീ കൃതാർത്ഥനായും ഇരിക്കും"

**(യോശുവ 1:8)**

REAL LIFE VOICE

KOTTEKAD, KUTTUR P.O.,
THRISSUR, KERALA - 680 013

**Since 2012**

# REAL LIFE VOICE

Volume 12 Issue 4 October 2023 pages 24 Rs.5/

**Editor:**
Sebastian M.V.
Ph: 95 44 557 557

**DTP:**
Sebastian M.V.

**Published at:**
Real Life,
Mamparampil House,
Kottekad, Kuttur P.O.,
Thrissur - 680 013

**Annual Subscription:**
Rs.60/-

**താത്പര്യമുള്ളവർക്ക് വരി സംഖ്യയോ സംഭാവനയോ Google Pay/PhonePe ചെയ്യാം. അല്ലെങ്കിൽ ബാങ്കി ലേക്ക് നേരിട്ട് ട്രാൻസ്ഫർ ചെയ്യാം. ദയവായി മണി ഓർഡർ അയയ്ക്കരുത്**

*Bank:*
State Bank of India
*Branch:*
Punnamparambu
*IFS Code:*
SBIN0070342
*A/c No.:*
40447607951
*Name:*
Sebastian M V

**Email:**
reallifekottekad@gmail.com

**Website:**
www.reallifevoice.in

**Book No. 142**

## ഉള്ളടക്കം

| | പേജ് |
|---|---|
| • ചന്ദ്രയാൻ – 3 | 3 |
| • പ്രതികരണങ്ങൾ | 6 |
| • ദൈവത്തിന്റെ വിശ്വസ്തത (18) | 7 |
| • റോമർ 16 ലെ ദൈവമക്കൾ (15) | 10 |
| • ഹബക്കൂക് (20) | 13 |
| • ബൈനോക്കുലർ (23) | 16 |
| • ഇമ്മാനുവിന്റെ സംശയങ്ങൾ(41) | 18 |
| • ഓർമ്മകൾ (37) | 21 |
| • ... പൊരുത്തപ്പെടാത്തവർ | 24 |

ഈ മാസികയുടെ ലക്ഷ്യം:
**സഭ, സമൂഹം എന്നിവയെക്കുറിച്ചുള്ള അഭിപ്രായപ്രകടനവും വചനപഠനവും**

# എഡിറ്റോറിയൽ



## ചന്ദ്രയാൻ-3

*ചന്ദാമാമാ ദൂർ കി നഹീ, ബസ് എക് ടൂർ കി ഹൈ* (അമ്പിളിയമ്മാവൻ ദൂരെയല്ല, ഒരു ടൂർ പോകാവുന്ന ദൂരത്തുണ്ട്). രാജ്യത്തെ അഭിസംബോധന ചെയ്തു ഇങ്ങനെ പറയുമ്പോൾ, പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ സന്തോഷം നിറഞ്ഞുതുളുമ്പുന്ന മുഖവും ആവേശം അലയടിക്കുന്ന ശരീരഭാഷയും ഒന്നു കാണേണ്ടതു തന്നെയായിരുന്നു. ചന്ദ്രയാൻ ദൗത്യം വിജയക്കൊടി പാറിച്ചപ്പോൾ രാജ്യത്തിന്റെ പ്രധാനമന്ത്രിക്ക് സന്തോഷം അടക്കാൻ കഴിയുന്നതെങ്ങനെ? ലോകരാജ്യങ്ങളുടെ മുമ്പിൽ തലയുയർത്തി നിൽക്കാൻ ഭാരതത്തിന് ലഭിച്ച ഒരു സുവർണ്ണാവസരമായിരുന്നു ചന്ദ്രോപരിതലത്തിൽ ചന്ദ്രയാൻ - 3 ഇറങ്ങിയപ്പോൾ ലഭിച്ചത്.

ഭാരതത്തിന്റെ സന്തോഷത്തിലും അഭിമാനത്തിലും എല്ലാ ഇന്ത്യക്കാരെയുംപോലെ ഞാനും പങ്കുചേരുന്നു. ശാസ്ത്രജ്ഞന്മാരുടെ കഠിനാദ്ധ്വാനത്തെയും ഇച്ഛാശക്തിയെയും അഭിനന്ദിക്കുന്നു. ചന്ദ്രനെ തൊട്ട നാലേ നാലു രാജ്യങ്ങളേയുള്ളൂവെന്നും അതിലൊന്നാണ് നമ്മുടെ രാജ്യമെന്നും ചിന്തിക്കുമ്പോൾ ഓരോ ഇന്ത്യക്കാരന്റെയും ആത്മാഭിമാനം മാനം മുട്ടെ ഉയരുന്നു. ചന്ദ്രനെ തൊട്ടത് അമേരിക്ക, റഷ്യ, ചൈന എന്നീ മൂന്നു രാജ്യങ്ങൾ മാത്രമാണ് എന്ന ചരിത്രത്തെ പഴങ്കഥയാക്കി മാറ്റിക്കൊണ്ട് 2023 ആഗസ്റ്റ് 23 ന് ഇന്ത്യയും കൂടി ആ ലിസ്റ്റിൽ ഇടംപിടിച്ചു. ഇന്ത്യയുൾപ്പെടെ നാലേ നാലു രാജ്യങ്ങൾ മാത്രം!

**ചെലവും പ്രയോജനവും**

ഏതൊരു കാര്യത്തിനു നാം പണം മുടക്കുമ്പോഴും അതിന്റെ പ്രയോജനം വിലയിരുത്തേണ്ടതുണ്ട്. മുടക്കുമുതലിനു തുല്യമായ വിധത്തിലുള്ള പ്രയോജനമില്ലെങ്കിൽ സ്വന്തം പണം മുടക്കാൻ ബുദ്ധിയുള്ളവരാരും തയ്യാറാവുകയില്ല. ഒരു രൂപയുടെ മിഠായി എന്തുകൊണ്ടാണ് 100 രൂപയ്ക്ക് വിൽക്കാൻ ഉല്പാദകരും വിതരണക്കാരും ധൈര്യപ്പെടാത്തത്? ആരും വാങ്ങിക്കില്ല, അതു തന്നെ കാരണം. ചെലവാക്കുന്ന പണവും അതുകൊണ്ടുള്ള പ്രയോജനവും കണക്കാക്കുന്ന ആളുകൾ നിസ്സാരമായ ഒരു മിഠായിക്കുവേണ്ടി ഇത്രയധികം പണം മുടക്കാൻ തയ്യാറാകില്ല.

ചന്ദ്രയാൻ – 3 ന് 615 കോടി രൂപയാണ് ചെലവ് വന്നിട്ടുള്ളത്. വിജയിക്കാതെ പോയ തൊട്ടുമുമ്പുള്ള രണ്ടു ശ്രമങ്ങളുടെ ചെലവു കൂടി നാം കണക്കിലെടുക്കേണ്ടതുണ്ട് – ചന്ദ്രയാൻ–1 ഉം, ചന്ദ്രയാൻ–2 ഉം. ഇതിൽ ചന്ദ്രയാൻ – 1ന് 380 കോടി രൂപയും ചന്ദ്രയാൻ – 2ന് 978 കോടി രൂപയും ചെലവായിട്ടുണ്ടത്രേ. അങ്ങനെയാണെങ്കിൽ ഏകദേശം 1900 കോടിയാണ് നമ്മുടെ ചന്ദ്രയാൻ ദൗത്യത്തിനു വന്ന ആകെ ചെലവ്. *(Ref: Wikipedia)*

ചന്ദ്രോപരിതലത്തിലെ കല്ലും മണ്ണും ഭൂമിയിൽ കൊണ്ടുവന്ന് പരീക്ഷണനിരീക്ഷണങ്ങൾക്ക് വിധേയമാക്കുക എന്നതാണ് ചന്ദ്രയാന്റെ ദൗത്യം. ചന്ദ്രനിലേക്ക് ടൂർ പോകാനോ, അവിടെ സ്ഥിരതാമസമാക്കാനോ കഴിയുന്ന സാഹചര്യം സൃഷ്ടിക്കുക എന്നതാണ് ഇതിന്റെയൊക്കെ പിന്നിലെ പ്രേരകശക്തി. ചന്ദ്രനിലേക്ക് ഇനി ഒരു ടൂറിന്റെ ദൂരമേയുള്ളൂവെന്ന് മോദിജി പറഞ്ഞതിന്റെ അർത്ഥം ഇതുതന്നെയാണ്. അമേരിക്കയുടെ *പാത്ത്ഫൈൻഡർ* എന്ന ബഹിരാകാശപേടകം 1997 ൽ ചൊവ്വയിൽ ഇറങ്ങിയപ്പോൾ, 'അടുത്ത അവധിക്കാലം ചൊവ്വയിൽ' എന്ന് ആരൊക്കെയോ വീമ്പിളക്കിയതും അത് ഇന്നെവരെ നടക്കാതെ പോയതും ഈയവസരത്തിൽ ഓർത്തുപോകുന്നു.

**പട്ടിണിയും പൊങ്ങച്ചവും**

"ഈ ചന്ദ്രയാൻ ദൗത്യംകൊണ്ട് നമ്മുടെ പട്ടിണി മാറുമോ, സർ?" ഒരു മിടുക്കിക്കുട്ടി ചോദിച്ച ചോദ്യമാണിത്. ചന്ദ്രയാന് മുടക്കിയ പണം നമ്മുടെ രാജ്യത്തുള്ള ജനങ്ങൾക്കുവേണ്ടി മുടക്കിയിരുന്നുവെങ്കിൽ ഓരോ ഇന്ത്യാക്കാരനും ഏകദേശം പത്തു കോടിയിലധികം രൂപയുടെ ആനുകൂല്യങ്ങൾ ലഭിക്കുമായിരുന്നു – പത്തു കോടിയിലധികം! ഓരോ ഇന്ത്യാക്കാരനും! വിലക്കയറ്റവും നികുതിക്കയറ്റവും മൂലം കഷ്ടപ്പെടുന്ന ഇവിടത്തെ ജനത്തിന് പ്രയോജനമില്ലാത്തതും കേവലം പൊങ്ങച്ചപ്രദർശനത്തിന് മാത്രം ഉതകരിക്കുന്നതുമാണ് ചന്ദ്രയാൻ ദൗത്യം എന്ന വിമർശനം ചിലരെങ്കിലും ഉന്നയിച്ചിട്ടുണ്ട്. പട്ടിണിയുള്ളപ്പോഴാണോ പൊങ്ങച്ചം എന്നു ചോദിച്ചവരുണ്ട്.

ചന്ദ്രനിലെ കല്ലും മണ്ണും പരിശോധിച്ച് പണവും സമയവും മെനക്കെടുത്താതെ, ഇവിടെയുള്ള കല്ലും മണ്ണും പരിശോധിച്ച് കാലാവസ്ഥാവ്യതിയാനവും അനന്തരഫലങ്ങളും പഠിച്ചിരുന്നുവെങ്കിൽ എന്നും ചന്ദ്രനിലെ പ്രശ്നങ്ങൾ ഏറ്റുപിടിക്കാതെ ഇവിടെയുള്ള പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തിയിരുന്നുവെങ്കിൽ എന്നും ആഗ്രഹിച്ചവരുമുണ്ട്.

**മതേതരത്വവും ശിവശക്തിയും**

ചന്ദ്രയാൻ – 3 ചന്ദ്രനിൽ ഇറങ്ങിയ സ്ഥലത്തിന് 'ശിവശക്തി പോയിന്റ്' എന്നാണ് പേരിട്ടിരിക്കുന്നത്. എല്ലാ മതങ്ങളെയും ബഹുമാനിക്കുന്ന മതേതരത്വം എന്ന ആശയം മുറുകെപ്പിടിക്കുന്നുവെന്ന് വമ്പ് പറയുന്ന നാം, ഭൂരി

പക്ഷമതത്തിലെ ഒരു ഭഗവാന്റെ പേരിൽ ചന്ദ്രനിലെ ആ സ്ഥലം അറിയപ്പെടാൻ തീരുമാനിച്ചത് എത്രത്തോളം ഉചിതമാണെന്നു ചിന്തിക്കേണ്ടിയിരിക്കുന്നു. 'തിരംഗാ പോയിന്റ്' പോലെ എല്ലാവർക്കും സ്വീകാര്യമായ പേര് ഇടുന്നതായിരുന്നില്ലേ ഉചിതം? ന്യൂനപക്ഷങ്ങളെ അവഹേളിക്കാതെ, മതേതരസ്വഭാവമുള്ള ഏതെങ്കിലും പേരിടാനുള്ള ഔചിത്യബോധം ഉത്തരവാദിത്തപ്പെട്ടവർ കാണിക്കേണ്ടതായിരുന്നു.

**ശാസ്ത്രവും (അന്ധ)വിശ്വാസവും**

ശാസ്ത്രവും വിശ്വാസവും പരസ്പരം സമാന്തരമാണ്. രണ്ടും തമ്മിൽ കൂട്ടിമുട്ടുകയേയില്ല. പക്ഷേ ഐഎസ്ആർഒ ശാസ്ത്രജ്ഞന്മാർ ചന്ദ്രയാൻ – 3 വിക്ഷേപിക്കുന്നതിനു മുമ്പ്, അതിന്റെ ഒരു ചെറിയ മാതൃകയുണ്ടാക്കി ആന്ധ്രാപ്രദേശിലെ തിരുപ്പതിക്ഷേത്രത്തിൽ ചെന്ന് പൂജ നടത്തിയിരുന്നു! ചന്ദ്രയാന്റെ ആദ്യ രണ്ടു ദൗത്യങ്ങൾ പരാജയപ്പെട്ടിടത്ത്, മൂന്നാമത്തെ ദൗത്യത്തിന് വിജയിക്കാനായത് ആ പൂജയുടെയും പ്രാർത്ഥനയുടെയും ഫലമായിട്ടാണ് എന്നു അവർ വിചാരിക്കുന്നുണ്ടാകും. മതേതരത്വം എന്ന ആശയം ഇവിടെയും അവഹേളിക്കപ്പെടുന്നതായി കാണാം.

തിരുപ്പതിക്ഷേത്രത്തിലെ മഹാവിഷ്ണുവിനോട് പ്രാർത്ഥിച്ച് അനുഗ്രഹം വാങ്ങി വിക്ഷേപിച്ച ചന്ദ്രയാൻ –3 ചന്ദ്രനിൽ ഇറങ്ങിയ സ്ഥലത്തിന് *വിഷ്ണുശക്തി* എന്നു പേരിടാതെ *ശിവശക്തി* എന്നു പേരിട്ടത് കൗതുകകരമായി തോന്നുന്നുണ്ട്. ശൈവരും വൈഷ്ണവരും പരസ്പരം യുദ്ധം ചെയ്തിട്ടുള്ളതും ചോര ചൊരിയിച്ചിട്ടുള്ളതുമായ ചരിത്രം ആവർത്തിക്കാതിരിക്കട്ടെ. വിജയത്തിനുവേണ്ടിയുള്ള പ്രാർത്ഥന വിഷ്ണുവിനോടും വിജയിച്ച സ്ഥലത്തിന്റെ പേര് ശിവനും! ശൈവരും വൈഷ്ണവരും ഇക്കാര്യത്തിൽ ഒരുപോലെ പരിഗണിക്കപ്പെട്ടിട്ടുണ്ട്.

**ഉപസംഹാരം**

ഇന്ത്യയുടെ ചന്ദ്രയാൻ ദൗത്യത്തെ തള്ളിക്കളയുകയല്ല ഈ ലേഖനത്തിന്റ ഉദ്ദേശ്യം; പിന്നെയോ, അതിനെ വിമർശനാത്മകമായി സമീപിക്കുകയാണ്. സാമ്പത്തികപ്രതിസന്ധി രൂക്ഷമായിരിക്കെ ഇത്രയും കോടികൾ മുടക്കി ഇത്തരം ദൗത്യങ്ങൾ നടത്തേണ്ടതുണ്ടോ എന്നും സാമ്പത്തികബുദ്ധിമുട്ടുകൾ പരിഹരിക്കുകയല്ലേ ആദ്യം വേണ്ടത് എന്നുമാണ് ഇവിടെ ഞാൻ ചൂണ്ടിക്കാണിക്കുന്നത്. ഒപ്പം, മതേതതര രാജ്യമായ ഇന്ത്യയുടെ മതേതരസ്വഭാവത്തിന് കളങ്കം വരുത്തുന്ന രീതിയിൽ ഭൂരിപക്ഷമതത്തിന്റെ വിശ്വാസങ്ങൾക്കനുസരിച്ചുള്ള പൂജയും പേരിടലുമൊക്കെ നടത്തിയാൽ എങ്ങനെ ശരിയാകും എന്നൊരു ചോദ്യവും ഇവിടെ ഉയർത്തുന്നുണ്ട്. അഭിപ്രായം പറയാൻ ആർക്കും സ്വാതന്ത്ര്യം ഉണ്ടല്ലോ. **(എംവിഎസ്)**

# പ്രതികരണങ്ങൾ

## Pr. Sunil P Thomas, Peruvannamuzhi, Kozhikode

സെപ്റ്റംബർ മാസത്തെ മാസികയിലെ *ബ്രോയ്‌ലർ മനുഷ്യക്കുഞ്ഞുങ്ങൾ* എന്ന എഡിറ്റോറിയൽ വളരെ ചിന്തനീയവും ഈടുറ്റതും ആയിരുന്നു. ലേഖകന് പ്രത്യേകം അഭിനന്ദനങ്ങൾ.

## Evg. Hebby, Pengamuck, Thrissur

*റിയൽ ലൈഫ് വോയ്സ്* സെപ്റ്റംബർ ലക്കം എല്ലാംകൊണ്ടും മനോഹരമായിരിക്കുന്നു. *ബ്രോയ്‌ലർ മനുഷ്യക്കുഞ്ഞുങ്ങൾ* എന്ന പത്രാധിപലേഖനവും അതിനോട് ചേർന്ന് *നടൻ* എന്ന ചെറുകഥയും ചിന്തനീയമാണ്. എല്ലാ മാതാപിതാക്കളും മക്കളും ഒന്നു മനസ്സിരുത്തി വായിക്കുന്നത് ഗുണം ചെയ്യും. കർത്താവ് ഈ ശുശ്രൂഷയെ മുന്നോട്ടു കൊണ്ടുപോകാൻ കൃപ നൽകട്ടെ.

## Bibin Paul, Kattilappoovam, Thrissur

പ്രിയ സഹോദരൻ പലപ്പോഴായി എഴുതി വിടുന്നത് വായിക്കാനിടയായി. വിവാഹജീവിതത്തിലെ വില്ലന്മാരെക്കുറിച്ചും നല്ല നടന്മാരെക്കുറിച്ചും ഒക്കെ. എല്ലാം നല്ലത്. പക്ഷേ നടിമാരെക്കുറിച്ചും വില്ലത്തികളെക്കുറിച്ചും കൂടി എഴുതിവിടാൻ ശ്രമിക്കുക. എല്ലാം വ്യക്തമായി മനസ്സിലാക്കി എഴുതുക. **(എഡിറ്റർ: വില്ലത്തിമാരെക്കുറിച്ചും നടിമാരെക്കുറിച്ചും പലപ്പോഴും ഈ മാസികയിൽ ഇതിനുമുമ്പ് എഴുതിയിട്ടുണ്ട്.)**

## M. A. Jose, Kuriachira, Thrissur

സ്ത്രീകൾ തല മൂടുന്നതിനെക്കുറിച്ച് കൊടുത്ത വിശദീകരണത്തോട് പൂർണ്ണമായും യോജിക്കുന്നു. ദൈവം മാസികാപ്രവർത്തനത്തെ പൂർവ്വാധികം അനുഗ്രഹിക്കട്ടെ.

## Varghese Abraham, Eraviperoor, Pathanamthitta

മാസിക ഞാൻ റഗുലർ ആയി വായിക്കുന്നുണ്ട്. നല്ല താത്പര്യത്തോടെയാണ് വായിക്കുന്നത്. സമകാലികസംഭവങ്ങളെ അടിസ്ഥാനമാക്കി തയ്യാറാക്കുന്ന ലേഖനങ്ങൾ വളരെ പ്രയോജനകരമാണ്.

## M. C. Chacko, Chowannur, Thrissur

റ്റാറ്റൂവിനെക്കുറിച്ച് എഴുതിയത് നന്നായി. ഇപ്പോഴത്തെ തലമുറയ്ക്ക് അല്ലലും അലച്ചിലും കുറവാണ്. പലരും തിന്നുമദിച്ചു നടക്കുന്നു. അവർക്ക് ഇങ്ങനെയെല്ലാം ചെയ്യാൻ തോന്നുക സ്വാഭാവികം.

# ദൈവത്തിന്റെ വിശ്വസ്തത
## [ FAITHFULNESS OF GOD ]

സാഗറിലെ സുവിശേഷകനായിരുന്ന ഡോ. റ്റി. എ. കുര്യന്റെ ജീവചരിത്രം

18

**Prof. T. John Mathew**
പരിഭാഷ: എം. വി. സെബാസ്റ്റ്യൻ

**അവസാന നാളുകൾ**

ബൈബിൾ ഭവൻ നഷ്ടപ്പെട്ടത് കുര്യനെ സംബന്ധിച്ചിടത്തോളം വലിയ മനോവിഷമം ഉണ്ടാക്കിയ കാര്യം തന്നെയായിരുന്നു. മാത്രമല്ല, വിശ്വാസിയാണെന്നു അഭിനയിച്ച് വന്ന ഒരു വഞ്ചകനെ തിരിച്ചറിയാൻ കഴിയാതെ പോയതിലും, അയാൾ കുര്യനെ വഞ്ചിച്ച് ബൈബിൾ ഭവൻ തട്ടിയെടുക്കാൻ ഇടയായതിന്റെ പേരിലും എല്ലാവരും കുര്യനെ കുറ്റപ്പെടുത്തുകയും ചെയ്തു.

(ബൈബിൾ ഭവന്റെ നിയമപരമായ ഉടമയായ സ്റ്റ്യൂവാഡ് അസ്സോസ്സിയേഷൻ ഓഫ് ഇന്ത്യക്ക് ബൈബിൾ ഭവൻ സ്വന്തമാക്കാൻ കാലക്രമേണ കഴിയും എന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. ചതിയിലൂടെ അത് കൈവശപ്പെടുത്തി ഇപ്പോൾ അവിടെ താമസിക്കുന്നയാൾക്ക് അയാളുടെ മരണം വരെ അവിടെ തുടരാമെന്നല്ലാതെ അതിൽ ഒന്നും ചെയ്യാൻ നിയമപരമായ അവകാശമില്ല)

ബൈബിൾഭവൻ നഷ്ടപ്പെട്ടതോടുകൂടി, അപമാനഭാരം നിമിത്തം സാഗർ

**ഡോ. റ്റി. എ. കുര്യൻ**
**(1920–2007)**

**50–തിലധികം വർഷങ്ങൾ മദ്ധ്യപ്രദേശിലെ സാഗർ കേന്ദ്രമാക്കിക്കൊണ്ട് സുവിശേഷവേല ചെയ്തു.**

**ബൈബിളിന്റെ മൂലഭാഷകളായ ഹീബ്രുവും ഗ്രീക്കും പലരേയും പഠിപ്പിച്ചു.**

**ഹിന്ദിയിൽ 1036 പേജുകളുള്ള 'യീശു ചരിത മാനസ്' എന്ന മഹാകാവ്യം രചിച്ചു.**

**മഹാകവി കെ. വി. സൈമന്റെ ജീവചരിത്രം തയ്യാറാക്കി പ്രസിദ്ധീകരിച്ചു.**

അദ്ദേഹത്തിന്റെ മക്കൾക്കും കൊച്ചുമക്കൾക്കും വായിച്ചു മനസ്സിലാക്കാൻ കഴിയണമെന്നാഗ്രഹിച്ചതിനാൽ ഈ ഗ്രന്ഥത്തിന്റെ രചന ഇംഗ്ലീഷിലാണ് ഗ്രന്ഥകർത്താവ് നിർവ്വഹിച്ചത്. കേരളത്തിലെ വിശ്വാസികൾക്കു വേണ്ടി അത് പരിഭാഷപ്പെടുത്തി ഇവിടെ പ്രസിദ്ധീകരിക്കുന്നു.
**(എഡിറ്റർ)**

വിട്ടുപോകാൻ അദ്ദേഹം തയ്യാറായില്ല. അദ്ദേഹത്തിന്റെ മൂത്ത മകൻ രാജ്കുമാർ കുര്യൻ ബാംഗ്ലൂരിലും, രണ്ടാമത്തെ മകൻ ജെയിംസ് കുര്യൻ ജബൽപൂരിലും, മൂന്നാമത്തെ മകൻ അമേരിക്കയിലും താമസമാക്കിയിരുന്നു. ഒരു വിശ്രമജീവിതം നയിക്കാൻ അദ്ദേഹം ആഗ്രഹിച്ചിരുന്നുവെങ്കിൽ അതിനുള്ള അനുകൂലസാഹചര്യങ്ങൾ അദ്ദേഹത്തിന് ധാരാളമായി ഉണ്ടായിരുന്നു. പക്ഷേ ദശാബ്ദങ്ങളായി താൻ പ്രവർത്തിച്ചുപോരുന്ന ആ സ്ഥലത്തെയും അവിടെയുള്ള ജനത്തെയും അദ്ദേഹം വളരെയധികം സ്നേഹിച്ചു. വിട്ടുപിരിഞ്ഞു ക്രിസ്തുവിനോടു ചേരുന്നതുവരെയും അവിടെ തുടരാൻ അദ്ദേഹം തീരുമാനിച്ചു. തന്റെ ഓട്ടം പൂർത്തിയാകുമ്പോൾ ദൈവം തന്നെ സ്വർഗ്ഗീയ ഭവനത്തിലേക്ക് ചേർത്തുകൊള്ളുമെന്നും അപ്പോൾ തന്റെ ഭൗതികശരീരം ഭാര്യയെ അടക്കം ചെയ്തതിന്റെ സമീപം അടക്കം ചെയ്യണമെന്നും അദ്ദേഹം മക്കളോടും സഹവിശ്വാസികളോടും പറഞ്ഞു.

സാഗറിൽ തന്നെ തുടരാനുള്ള അദ്ദേഹത്തിന്റെ തീരുമാനത്തെ മക്കൾ എതിർത്തില്ല. എങ്കിലും വീട്ടിൽ ഒറ്റയ്ക്ക് താമസിക്കുന്ന അദ്ദേഹത്തെ സഹായിക്കുന്നതിനും ഭക്ഷണം വച്ചുകൊടുക്കുന്നതിനും അദ്ദേഹത്തിന്റെ ശാരീരികക്ഷേമം ഉറപ്പുവരുത്തുന്നതിനുമായി ഒരു ജോലിക്കാരിയെ മക്കൾ ഏർപ്പാട് ചെയ്തിരുന്നു. വീട്ടിൽ ഒറ്റയ്ക്ക് കഴിയുന്ന ഈ അവസരത്തിലാണ് അദ്ദേഹം *യീശു ചരിത മാനസ്* എന്ന മഹാകാവ്യം രചിക്കുകയും പ്രസിദ്ധീകരിക്കുകയും ചെയ്തത്. പുതിയ ലഘുലേഖകൾ അദ്ദേഹം എഴുതുകയും തന്റെ സഹപ്രവർത്തകർ മുഖേന അത് വിതരണം ചെയ്യുകയും ചെയ്തു.

വീട്ടിൽ ഏകനായി ഇങ്ങനെ കഴിയവേ, ശാരീരിക ക്ഷീണാവസ്ഥയുണ്ടായിരുന്നിട്ടും തന്റെ വേല തുടരവേ, 2002 സെപ്റ്റംബറിൽ ഒരു ദിവസം കുര്യൻ പെട്ടെന്ന് രോഗബാധിതനായി. അദ്ദേഹം പലതവണ ഛർദ്ദിച്ചു. എങ്കിലും തന്റെ മക്കളേയോ സഹവിശ്വാസികളേയോ അക്കാര്യം അദ്ദേഹം അറിയിച്ചില്ല. കാരണം അത്ര ഗൗരവമുള്ള പ്രശ്നം ഉള്ളതായി അദ്ദേഹത്തിന് തോന്നിയില്ല. പതിവുപോലെ വാതിലടച്ചു അദ്ദേഹം ഉറങ്ങാൻ കിടന്നു. പിറ്റേന്നു രാവിലെ ജോലിക്കാരി വന്ന് ബെൽ അടിച്ചപ്പോൾ കുര്യൻ വാതിൽ തുറന്നില്ല. സംശയം തോന്നിയ അവൾ അയൽക്കാരെ വിളിച്ചുകൂട്ടി; അവർ വാതിൽ തകർത്ത് അകത്ത് കയറി നോക്കിയപ്പോൾ, അദ്ദേഹം തന്റെ കിടക്കയിൽ അബോധാവസ്ഥയിൽ കിടക്കുന്നതാണ് കണ്ടത്.

അവർ എത്രയും വേഗം അദ്ദേഹത്തെ ആശുപത്രിയിൽ അഡ്മിറ്റാക്കുകയും, സാഗറിൽ നിന്ന് 200 കിലോമീറ്റർ അകലെ ജബൽപൂരിൽ കഴിയുന്ന രണ്ടാമത്തെ മകനായ ജെയിംസിനെ വിവരമറിയിക്കുകയും ചെയ്തു. ജെയിംസ് ഉടനെ ആശുപത്രിയിലേക്ക് പുറപ്പെട്ടു. ജെയിംസ് വരുമ്പോഴേക്കും കുര്യൻ അപകടാവസ്ഥ തരണം ചെയ്തിരുന്നു. സാഗറിൽ ഇനിയും

ഒറ്റയ്ക്ക് കഴിയുന്നത് ശരിയല്ലെന്നു ഈ സംഭവത്തോടുകൂടി അദ്ദേഹത്തിനു ബോധ്യപ്പെട്ടു. ജബൽപൂരിലുള്ള തന്റെ മകനോടൊപ്പം താമസിക്കാൻ അദ്ദേഹം അങ്ങനെ തയ്യാറായി. അങ്ങനെ സാഗറിനോട് വിടപറഞ്ഞ് കുര്യൻ ജബൽപൂരിലേക്ക് പോയി. എങ്കിലും സാഗറിലെ വിശ്വാസികളുമായുള്ള ബന്ധം നിലനിർത്താൻ അദ്ദേഹം ശ്രദ്ധിച്ചിരുന്നു.

ഗുരുതരമായ ആരോഗ്യപ്രശ്നങ്ങളൊന്നും അദ്ദേഹത്തിനുണ്ടായിരുന്നില്ല. എങ്കിലും പ്രമേഹത്തിനുള്ള മരുന്ന് അദ്ദേഹം കഴിക്കുന്നുണ്ടായിരുന്നു. അദ്ദേഹത്തിന്റെ ബാംഗ്ലൂരിലുള്ള മകന്റെ വീട്ടിലേക്ക് പോകുവാനും സാഗറിലെ വേലയിൽ സഹായിച്ചിട്ടുള്ള അവിടെയുള്ള വിശ്വാസികളെ സന്ദർശിക്കാനും അദ്ദേഹത്തിനു അവസരം ലഭിച്ചു. ശാരീരികപ്രശ്നങ്ങൾ നിമിത്തം അദ്ദേഹം വീണ്ടും ജബൽപൂരിലേക്ക് വന്നു. തന്റെ അവസാന നാളുകൾ അടുത്തു എന്ന് അദ്ദേഹം തിരിച്ചറിഞ്ഞിരുന്നു.

2007 ഫെബ്രുവരി 3-ാം തീയതി, 86-ാമത്തെ വയസ്സിൽ, തന്റെ ഓട്ടം പൂർത്തിയാക്കി അദ്ദേഹം സമാധാനത്തോടെ കർത്താവിൽ നിദ്ര പ്രാപിച്ചു. കേരളത്തിലെ പത്തനംതിട്ട ജില്ലയിലെ പെരുംപെട്ടി എന്ന കൊച്ചുഗ്രാമത്തിൽ നിന്നാരംഭിച്ച്, 2000 കിലോമീറ്റർ അകലെ മദ്ധ്യപ്രദേശിലെ സാഗറിൽ അവസാനിച്ച ജീവിതം! നാലു ദിവസത്തിനുശേഷം സാഗറിലെ ക്രിസ്ത്യൻ സെമിത്തേരിയിലേക്ക് അദ്ദേഹത്തിന്റെ ഭൗതികശരീരം കൊണ്ടുവന്നു. 17 വർഷം മുമ്പ് വിട്ടുപിരിഞ്ഞ തന്റെ പ്രിയപ്പെട്ട ഭാര്യയുടെ കല്ലറയോടു ചേർന്ന് അദ്ദേഹത്തിന് ഒരു കല്ലറ അവിടെ ഒരുക്കിയിരുന്നു.

അദ്ദേഹത്തിന്റെ കുടുംബാംഗങ്ങളും സഹവിശ്വാസികളും നാട്ടുകാരും അടങ്ങുന്ന ഒരു വലിയ ജനാവലിയുടെ സാന്നിദ്ധ്യത്തിൽ അദ്ദേഹത്തെ അടക്കം ചെയ്ത പെട്ടി പതുക്കെ പതുക്കെ കല്ലറയിലേക്ക് താഴ്ത്തി - പടിഞ്ഞാറൻ ചക്രവാളത്തോട് വിടപറഞ്ഞ് അസ്തമയസൂര്യൻ പതുക്കെ പതുക്കെ താഴ്ന്നുപോകുന്നതുപോലെ. അങ്ങനെ കേരളത്തിലെ ക്രിസ്തീയ സഹോദരങ്ങളുടെ ഇടയിൽനിന്നുമുള്ള സുവിശേഷകരുടെ മിഷനറി പ്രവർത്തന ചരിത്രത്തിലെ ശ്രദ്ധേയമായ ഒരു അദ്ധ്യായം അന്ന് അവസാനിച്ചു. കർത്താവിന്റെ ഗംഭീരനാദവും പ്രധാനദൂതന്റെ ശബ്ദവും ദൈവത്തിന്റെ കാഹളശബ്ദവും കേൾക്കുന്നതുവരെ ആ കല്ലറ അടഞ്ഞുകിടക്കും (1 തെസ്സ.4:16).

കുര്യൻ തയ്യാറാക്കിയ ലഘുലേഖ വായിച്ചുകൊണ്ട്, ഹൈന്ദവപശ്ചാത്തലത്തിൽനിന്നും വിശ്വാസത്തിലേക്ക് വന്ന ബ്രദർ നരേന്ദ്രകുമാർ ഇന്ന് സുവിശേഷകനായി പ്രവർത്തിക്കുന്നു. അദ്ദേഹത്തിലൂടെ ഒരു വലിയ വേല ദൈവം അവിടെ ആരംഭിച്ചു. സാഗറിൽ കുര്യൻ ആരംഭിച്ച വേല തങ്ങളിലൂടെ കർത്താവ് തുടരുന്നുവെന്ന് നരേന്ദ്രകുമാർ സാക്ഷ്യപ്പെടുത്തുന്നു.

**(അവസാനിച്ചു)**

# റോമർ 16-ാം അദ്ധ്യായത്തിലെ ദൈവമക്കൾ

15

**എം. വി. സെബാസ്റ്റ്യൻ, തൃശ്ശൂർ**

*"എന്റെ കൂട്ടുവേലക്കാരനായ തിമൊഥെയൊസും എന്റെ ചാർച്ചക്കാരായ ലൂക്യൊസും യാസോനും സോസിപത്രൊസും നിങ്ങളെ വന്ദനം ചെയ്യുന്നു" (റോമർ 16:21).*

തന്നോടൊപ്പമുള്ളവരുടെ വന്ദനം പൗലൊസ് റോമാസഭയെ അറിയിക്കുകയാണ്. തിമൊഥെയൊസിനെക്കുറിച്ച് നാം കഴിഞ്ഞ ലക്കത്തിൽ കണ്ടതാണല്ലോ. ബാക്കിയുള്ള പേരുകൾ നമുക്കു ശ്രദ്ധിക്കാം.

**2. ലൂക്യൊസ്**

അന്ത്യോക്ക്യയിലെ സഭയിലുണ്ടായിരുന്ന പ്രവാചകന്മാരുടെയും ഉപദേഷ്ടാക്കന്മാരുടെയും കൂട്ടത്തിൽപ്പെട്ട ഒരാളായിരുന്നു ഈ ലൂക്യൊസ് (അപ്പൊ.പ്രവൃ.13:1). പൗലൊസിനെയും ബർന്നബാസിനെയും വേലക്കായിട്ട് അയച്ചപ്പോൾ അവരുടെ മേൽ കൈ വച്ച് പ്രാർത്ഥിച്ചവരിൽ അദ്ദേഹവുമുണ്ടായിരുന്നു. ലൂക്യൊസ് കുറേനക്കാരനായിരുന്നു എന്നും നാം അവിടെ വായിക്കുന്നുണ്ട്. കുറേനക്കാരനായ ശിമയോൻ കർത്താവിന്റെ ക്രൂശു ചുമന്നെങ്കിൽ, കുറേനക്കാരനായ ലൂക്യൊസ് സഭയിൽ ഉപദേഷ്ടാവായി.

സ്തെഫാനോസിന്റെ കൊലപാതകത്തെത്തുടർന്ന് ചിതറിപ്പോയവരിൽ കുറേനക്കാരും ഉണ്ടായിരുന്നുവെന്നും അവർ അന്ത്യോക്ക്യയിൽ ചെന്ന് യവനന്മാരോടും സുവിശേഷം പറഞ്ഞുവെന്നും വലിയൊരു കൂട്ടം വിശ്വസിച്ചുവെന്നും അപ്പൊ.പ്രവൃ.11:19-21 ൽ കാണുന്നു. അക്കൂട്ടത്തിൽ വളരെ സജീവമായി നിലനിന്ന വ്യക്തിയാണ് ലൂക്യൊസ് എന്നു നമുക്കു ഊഹിക്കാം. വിശ്വസ്തതയോടെ വേല ചെയ്യുക മാത്രമല്ല, ശുശ്രൂഷാമുഖത്ത് അദ്ദേഹം ദീർഘകാലം നിലനിൽക്കുകയും ചെയ്തു. പൗലൊസിന്റെ ചാർച്ചക്കാരൻ കൂടിയായിരുന്നു അദ്ദേഹം. പൗലൊസുമായി നല്ല ബന്ധത്തിൽ തന്നെ ലൂക്യൊസ് തുടർന്നു. അതുകൊണ്ടാണല്ലോ ലൂക്യൊസിന്റെ വന്ദനം കൂടി പൗലൊസ് റോമാസഭയെ അറിയിക്കുന്നത്.

### 3. യാസോൻ

അപ്പൊ.പ്രവൃ.17:1-9 വാകൃങ്ങളിലാണ് യാസോനെക്കുറിച്ചു നാം വായിക്കുന്നത്. തെസ്സലോനികൃയിലെത്തിയ പൗലൊസിനെ സ്വന്തം വീട്ടിൽ സ്വീകരിച്ച് താമസിക്കാൻ ഇടം കൊടുത്ത വ്യക്തിയാണ് യാസോൻ. പക്ഷേ യാസോൻ അതിനു കനത്ത വില കൊടുക്കേണ്ടി വന്നു. സുവിശേഷവിരോധികൾ "യാസോന്റെ വീട് വളഞ്ഞു" (17:5); "യാസോനേയും ചില സഹോദരന്മാരെയും നഗരാധിപന്മാരുടെ അടുക്കലേക്ക് ഇഴച്ചു..." (17:6); തുടർന്ന് ജാമ്യം വാങ്ങിയാണ് യാസോനെ വിട്ടയച്ചത് (17:9).

പൗലൊസിനെ വീട്ടിൽ താമസിപ്പിച്ചതിന്റെ പേരിൽ യാസോനെ സുവിശേഷവിരോധികൾ വലിച്ചിഴച്ചാണ് നഗരാധിപന്മാരുടെ അടുക്കലേക്ക് കൊണ്ടുപോയത്. ഓ! കൊടുംകുറ്റവാളിയെപ്പോലെ അവർ യാസോനെ വലിച്ചിഴച്ചുകൊണ്ടുപോയി! യാസോൻ സഹിച്ച വേദന, അപമാനം... എല്ലാം പൗലൊസ് നിമിത്തമായിരുന്നു. പിന്നീട് ഈ യാസോന് എന്തു സംഭവിച്ചു എന്നു നാം അപ്പൊസ്തലപ്രവൃത്തികളിൽ കാണുന്നില്ല. യാസോന് എന്തു സംഭവിച്ചു? യാസോൻ വിശ്വാസത്തിൽ നിലനിന്നുവോ? പൗലൊസ് നിമിത്തമാണ് ഈ പ്രശ്നങ്ങളൊക്കെ ഉണ്ടായത് എന്നതിനാൽ അദ്ദേഹം പൗലൊസുമായുള്ള ബന്ധം അവസാനിപ്പിച്ചുവോ?

വേദപുസ്തകം ആദ്യമായി വായിക്കുന്ന ഒരു വ്യക്തിയുടെ ഉള്ളിൽ ഉണ്ടായേക്കാവുന്ന ഇത്തരം ചോദ്യങ്ങളുടെയെല്ലാം ഉത്തരം നാം കാണുന്നത് റോമർ 16:21 ൽ മാത്രമാണ്. പൗലൊസ് റോമാസഭയ്ക്ക് യാസോന്റെ വന്ദനം അറിയിക്കുന്നു! അപ്പോൾ യാസോൻ ഇപ്പോഴും വിശ്വാസിയായി തുടരുന്നുണ്ട്. അന്ന് ദുഷ്ടരായ കുറെ ആളുകൾ അവന്റെ വീട് വളഞ്ഞ് സംഘർഷാവസ്ഥ സൃഷ്ടിച്ചതോ, അവനെ വലിച്ചിഴച്ചതോ ഒന്നും അവന്റെ വിശ്വാസത്തെ തകർക്കാൻ മതിയായില്ല. പൗലൊസിനോടുള്ള അവന്റെ സ്നേഹം ഇല്ലാതാക്കാനും അതു പര്യാപ്തമായില്ല. പ്രിയ വിശ്വാസികളേ, യാസോൻ കടന്നുപോയ സാഹചര്യത്തിലൂടെ നാം കടന്നുപോയാൽ, നമ്മിൽ എത്ര പേർ വിശ്വാസികളായി നിലനിൽക്കും?

### 3. സോസിപത്രൊസ്

അപ്പൊ.പ്രവൃ.20:4 ൽ കാണുന്ന സോപത്രൊസ് തന്നെയാണ് റോമാലേഖനത്തിൽ കാണുന്ന സോസിപത്രൊസ് എന്നാണ് പൊതുവെയുള്ള അഭിപ്രായം. അപ്പൊസ്തലനായ പൗലൊസുമായുള്ള ബന്ധത്തിലാണ് സോസിപത്രൊസിന്റെ പേരും നാം കാണുന്നത്.

**തളരാത്ത വിശ്വാസം, തകരാത്ത കൂട്ടുകെട്ട്**

കൊടുങ്കാറ്റിൽ പതറാതെ നിൽക്കുന്ന പുൽക്കൊടി പോലെ ഈ എളിയവരായ വിശ്വാസികൾ പ്രതികൂലങ്ങളുടെ മദ്ധ്യേ നിലനിന്നു. ഒന്നു തുമ്മിയാൽ തെറിക്കുന്ന മൂക്കുപോലെ ആയിരുന്നില്ല ഇവരുടെ വിശ്വാസം. തങ്ങൾക്കുവേണ്ടി ജീവൻ അർപ്പിച്ച യേശുവിനുവേണ്ടി ഏതു കഷ്ടതയും സഹിക്കാൻ അവർ തയ്യാറായിരുന്നു. ഉപദ്രവങ്ങളും കഷ്ടതകളും അവരുടെ വിശ്വാസത്തെ ബലഹീനമാക്കുകയായിരുന്നില്ല, പിന്നെയോ അവർക്ക് കൂടുതൽ ആത്മിക കരുത്ത് നൽകുകയായിരുന്നു.

ഈ തിമൊഥെയൊസിനെയും ലൂക്യൊസിനെയും യാസോനെയും സോസിപത്രൊസിനെയും നാം അപ്പൊസ്തലപ്രവൃത്തികളിൽ കാണുന്നു. അവരുടെ വിശ്വാസത്തിന്റെ ആദ്യനാളുകളാണ് നാം അവിടെ കാണുന്നത്. എന്നാൽ റോമാസഭയ്ക്ക് ലേഖനമെഴുതുമ്പോഴും അവർ വിശ്വാസത്തിൽ തുടരുന്നു; സഭയിൽ സജീവമായി നിലകൊള്ളുന്നു. ആദ്യവിശ്വാസം തള്ളിക്കളഞ്ഞവരുടെ കൂട്ടത്തിൽ തങ്ങളെ എണ്ണുവാൻ അവർ ആർക്കും അവസരം കൊടുക്കുന്നില്ല.

പൗലൊസ്, തിമൊഥെയൊസ്, ലൂക്യൊസ്, യാസോൻ, സോസിപത്രൊസ്...തകരാത്ത കൂട്ടുകെട്ട്! പണ്ടും അവരൊന്നിച്ചുണ്ടായിരുന്നു; റോമാലേഖനമെഴുതുമ്പോഴും അവരൊന്നിച്ചുണ്ട്! നല്ലൊരു കൂട്ടുകെട്ട് എപ്പോഴും നല്ലതാണ്. നിലനിൽക്കുന്ന ബന്ധങ്ങൾ ഇന്ന് പലപ്പോഴും കാണുന്നില്ല. വ്യക്തിപരമായ താത്പര്യങ്ങളെ മാത്രം മുൻനിർത്തിയുള്ള കൂട്ടുകെട്ട് ആണ് പലയിടത്തും കാണുന്നത്. അതുകൊണ്ടു തന്നെ സഹോദരബന്ധങ്ങൾ മിക്കപ്പോഴും തകർന്നു വീഴുന്നു. സഹോദരവർഗ്ഗത്തിന്റെ മദ്ധ്യേയുള്ള ഭിന്നതകൾ കുപ്രസിദ്ധമാണല്ലോ.

*"വിട്ടുവിട്ടു മാറിടുന്ന മിത്രമേയുള്ളീയുലകിൽ"* എന്നു സി. വി. താരപ്പൻ; *"ഭൂമയർക്കുള്ള സ്നേഹം നീങ്ങിപ്പോകുമ്പോൾ ക്ഷാമമേശിടാത്ത സ്നേഹമുണ്ട് സ്വർഗ്ഗത്തിൽ"* എന്നു മഹാകവി കെ.വി.സൈമൺ; *"ഭിന്നതയവിടെയില്ല, കക്ഷിഭേദങ്ങളൊന്നുമില്ല"* എന്നു എം.ഇ. ചെറിയാൻ; *"പ്രിയരെന്നു കരുതുന്ന സഹജരെന്നാലും പ്രിയലേശമില്ലാതെയാകും"* എന്നു ടി.കെ. സാമുവേൽ.

ഭക്തരായ ഈ കവികളെല്ലാം സഹോദരന്മാരുടെ ഇടയിലുള്ള കൂട്ടുകെട്ടുകൾ എപ്പോൾ വേണമെങ്കിലും തകരാം എന്ന യാഥാർത്ഥ്യം തിരിച്ചറിഞ്ഞവരാണ്. പക്ഷേ, പൗലൊസ്-തിമൊഥെയൊസ്-ലൂക്യൊസ്-യാസോൻ-സോസിപത്രൊസ് കൂട്ടുകെട്ട് തകർന്നില്ല! ദൈവമക്കളുടെ മധ്യേ ഇത്തരത്തിലുള്ള തകരാത്ത കൂട്ടുകെട്ടുകൾ വർദ്ധിക്കട്ടെ.

**(തുടരും)**

# ഹബക്കൂക് (പുസ്തകപഠനം)

20

**-എംവിഎസ്-**

**ഹബക്കൂക് 2:15**

*കൂട്ടുകാരുടെ നഗ്നത കാണേണ്ടതിന് അവർക്ക് കുടിപ്പാൻ കൊടുക്കയും നഞ്ചു കൂട്ടിക്കലർത്തി ലഹരി പിടിപ്പിക്കയും ചെയ്യുന്നവന് അയ്യോ കഷ്ടം!*

കഴിഞ്ഞ നാളുകളിൽ മദ്യപാനം എന്ന തിന്മ എത്രയോ ആളുകളുടെ ജീവിതത്തെ തകർത്തു കളഞ്ഞിരിക്കുന്നു. ഇന്നും ആ സ്ഥിതിക്ക് മാറ്റമൊന്നുമില്ല. കൂട്ടുകാരന് മദ്യം കൊടുത്ത് മയക്കി അവന്റെ ബോധം നഷ്ടപ്പെടുത്തി, അവന്റെ നഗ്നത കണ്ട് ആസ്വദിക്കുന്ന ഹോമോസെക്സ്ചിന്താഗതി വച്ചുപുലർത്തുന്നവരെയാണ് ഇവിടെ പ്രവാചകൻ വിമർശിക്കുന്നത്. യിസ്രായേലിന്റെ ശത്രുക്കളായ കൽദയരെക്കുറിച്ചാണ് (ബാബേൽക്കാരെക്കുറിച്ച്) ഇവിടെ പരാമർശിക്കുന്നത്.

ലഹരി പിടിപ്പിക്കാനായി നഞ്ച് കലർത്തുന്നതായി ഇവിടെ പറഞ്ഞിട്ടുണ്ട്. നഞ്ച് എന്നു പറഞ്ഞാൽ വിഷം, അപഥ്യമായ വസ്തു എന്നൊക്കെയാണ് അർത്ഥം. ലഹരിക്ക് വേണ്ടി ചേർക്കുന്ന വസ്തു. ലഹരി കൂടുതലായി ലഭിക്കുമെങ്കിലും ശരീരത്തിന്റെ ആരോഗ്യത്തിന് ആ വസ്തു ഹാനികരമാണ്. കുടിയന്മാരും കുടിപ്പിക്കുന്നവരും ആരുടെയും ആരോഗ്യത്തെക്കുറിച്ച് ഉത്കണ്ഠയുള്ളവരല്ലല്ലോ.

നാർക്കോട്ടിക് ജിഹാദ് എന്ന് പറഞ്ഞുകൊണ്ട് പാലാബിഷപ്പ് ചില കാര്യങ്ങൾ വിളിച്ചുപറഞ്ഞതും അതിന്റെ പേരിൽ അദ്ദേഹം കടുത്ത വിമർശനം ഏറ്റുവാങ്ങേണ്ടിവന്നതും ആരും മറന്നിട്ടില്ലല്ലോ. എന്താണ് നാർക്കോട്ടിക് ജിഹാദ്? ഏതെങ്കിലും ഇതരമതസ്ഥരായിട്ടുള്ള പെൺകുട്ടികളെ സ്നേഹിക്കുക, അവർക്ക് മയക്കുമരുന്ന് കലർത്തിയ പാനീയം കൊടുക്കുക, അവരെ ലൈംഗികമായി ഉപയോഗിക്കുക, തുടർന്ന് അവൾ ജീവിതകാലം മുഴുവൻ മുസ്ലീമായി ജീവിക്കാൻ നിർബന്ധിക്കപ്പെടുന്നു. ഈ നാർക്കോട്ടിക് ജിഹാദിനെ അനുസ്മരിപ്പിക്കുന്ന കാര്യങ്ങളാണ് ഇവിടെ ഹബക്കൂക് രേഖപ്പെടുത്തുന്നത്. ഇവിടെ ആണും പെണ്ണുമല്ല, ആണും ആണും എന്ന ഒരു വ്യത്യാസമുണ്ടെന്നു മാത്രം.

മദ്യപാനത്തിന്റെ ദോഷം എത്ര വലുതാണ്! എന്നിട്ടും ആളുകൾ അതിലേക്ക് ആകർഷിക്കപ്പെടുന്നു. കേരളത്തിൽ മാത്രം മദ്യത്തിൽനിന്നുള്ള വാർഷികവരുമാനം ഏകദേശം 14000 കോടിയാണത്രേ! കുടിക്കുന്നവരുടെ മാനവും പണവും സമാധാനവും സന്തോഷവും നഷ്ടപ്പെടുത്തുന്നതാണ് മദ്യം. "മദ്യപാനം ആരോഗ്യത്തിന് ഹാനികരം" എന്ന് മദ്യക്കുപ്പിയിൽ എഴുതിവച്ചിട്ടുമുണ്ട്. ഇങ്ങനെ മുന്നറിയിപ്പ് എഴുതിവച്ചിട്ടും, അതു വായിച്ചിട്ടും അത് വാങ്ങി കുടിക്കുന്ന മദ്യപന്മാരായ മണ്ടന്മാർ!

**ഹബക്കൂക് 2:16**

*നിനക്കു മഹത്ത്വംകൊണ്ടല്ല ലജ്ജകൊണ്ടു തന്നെ പൂർത്തി വന്നിരിക്കുന്നു; നീയും കുടിക്ക; നിന്റെ അഗ്രചർമ്മം അനാവൃതമാക്കുക; യഹോവയുടെ വലംകൈയിലെ പാനപാത്രം നിന്റെ അടുക്കൽ വരും; മഹത്ത്വത്തിനു പകരം നിനക്ക് അവമാനം ഭവിക്കും*

മറ്റുള്ളവർക്ക് മദ്യം കൊടുത്ത് അവരെ ഏതെങ്കിലും വിധത്തിൽ ചൂഷണം ചെയ്യുന്നവർക്ക് തിരിച്ചടിയുണ്ടാകും. യഹോവയുടെ വലങ്കയ്യിലെ ക്രോധത്തിന്റെ പാനപാത്രം അവർ കുടിക്കേണ്ടിവരും. മദ്യത്തിന്റെ പാനപാത്രം മറ്റുള്ളവർക്ക് കൊടുക്കുകയും അവനെ നശിപ്പിക്കുകയും ചെയ്യുന്നവർക്ക് അതിനു പകരമായി ലഭിക്കുന്നതാണ് യഹോവയുടെ ക്രോധത്തിന്റെ പാനപാത്രം. അതുകൊണ്ട് മറ്റുള്ളവർക്ക് മദ്യം കൊടുക്കാൻ ആരും ശ്രമിക്കേണ്ടതില്ല. വീടിന്റെ തറപ്പണി കഴിഞ്ഞാൽ മദ്യംവിളമ്പൽ, വിവാഹത്തിന് മദ്യസത്കാരം, കിണറു കുഴിക്കുമ്പോൾ വെള്ളം കണ്ടാൽ മദ്യംവിളമ്പൽ... ഒന്നും വേണ്ട. ഒരുവൻ മദ്യം മറ്റുള്ളവർക്ക് വിളമ്പുമ്പോൾ അവൻ യഹോവയുടെ ക്രോധത്തിന്റെ പാനപാത്രം കുടിക്കേണ്ടിവരും.

മഹത്ത്വത്തിനു പകരം അവമാനം ഉണ്ടാകും എന്നാണ് ഹബക്കൂക് പ്രവാചകനിലൂടെ ദൈവം അറിയിക്കുന്നത്. മദ്യം നിമിത്തം ആർക്കും ഇന്നുവരെ മഹത്ത്വം ഉണ്ടായിട്ടില്ല, ഇനി ഉണ്ടാവുകയുമില്ല; അവമാനം മാത്രമേ ഉണ്ടാകൂ. ജീവിതം തകർന്നുപോയവർ; കടക്കെണിയിൽ അകപ്പെട്ടുപോയവർ. ഒരു കുപ്പി മദ്യം വാങ്ങി വീട്ടിലേക്ക് പോകുമ്പോൾ ഓർക്കുക - കയ്യിലുള്ളത് അപമാനമാണ്.

മദ്യപിക്കാൻ വേണ്ടി മോഷ്ടിക്കുന്നവരുണ്ട്. സമയത്ത് മദ്യം കിട്ടിയില്ലെങ്കിൽ ശരീരം വിറകൊള്ളുന്നവരുണ്ട്. അക്രമാസക്തരാവുന്നവരുണ്ട്. സ്കൂൾ-കോളേജ് കുട്ടികൾ വരെ ഇന്ന് മദ്യത്തിന്റെ പിടിയിൽ അമർന്നുകൊണ്ടിരിക്കയാണ്. വിശ്വാസികൾ പോലും മദ്യപാനം നിമിത്തം നാണംകെട്ടുപോയിട്ടുണ്ട്. അപമാനം കൊണ്ടുവരുന്ന മദ്യത്തെ ഉപേക്ഷിക്കുക.

**ഹബക്കൂക് 2:17**

*മനുഷ്യരുടെ രക്തവും ദേശത്തോടും നഗരത്തോടും അതിന്റെ സകല നിവാസികളോടും ചെയ്ത സാഹസവും ഹേതുവായി ലെബാനോനോട് ചെയ്ത ദ്രോഹവും മൃഗങ്ങളെ പേടിപ്പിച്ച സംഹാരവും നിന്നെ മൂടും.*

ബാബേൽരാജാവിനെതിരായുള്ള പ്രവചനമാണ് ഇതെല്ലാം. യിസ്രായേൽമക്കളുടെ അവകാശത്തിൽ പെട്ടതാണ് ലെബാനോൻ (ആവർത്തനം 3:25). ലെബാനോനിലെ ദേവദാരു പ്രസിദ്ധമാണ്. ബാബേൽരാജാവ് ലെബാനോനോട് ചെയ്ത ദ്രോഹം എന്താണെന്നു യെശയ്യാവ് 14 ൽ രേഖപ്പെടുത്തിയിട്ടുണ്ട്. ബാബേൽരാജാവിനെക്കുറിച്ചു പാടുന്ന പാട്ട് എന്നു പറഞ്ഞ് (യെശയ്യാവ് 14:4) അവിടെ ചില കാര്യങ്ങൾ രേഖപ്പെടുത്തിയിട്ടുള്ളത് നോക്കുക. ലെബാനോനിലെ ദേവദാരുക്കൾ ബാബേൽരാജാവിനോട് പറയുന്നത് ഇപ്രകാരമാണ്: നീ വീണുകിടന്നതുമുതൽ ഒരു വെട്ടുകാരനും ഞങ്ങളുടെ നേരെ കയറിവരുന്നില്ല (യെശയ്യാവ് 14:8).

ബാബേൽരാജാവ് ലെബാനോനിലെ ദേവദാരുക്കൾ വെട്ടിവീഴ്ത്തി എന്നർത്ഥം. ബാബേൽരാജാവ് വീണപ്പോൾ (തോറ്റപ്പോൾ), ഒരു വെട്ടുകാരനും ഞങ്ങളെ വെട്ടിവീഴ്ത്താൻ വരുന്നില്ലെന്ന്! അപ്പോൾ ദുഷ്ടനായ ബാബേൽരാജാവ് എന്തുമാത്രം ദേവദാരു വെട്ടിനശിപ്പിച്ചിട്ടുണ്ടാകണം. ഇതാണ് ലെബാനോനോട് ചെയ്ത ദ്രോഹം. നിരവധി മൃഗങ്ങളും മരങ്ങളും അവൻ വെട്ടിവീഴ്ത്തി. മനുഷ്യരെയും അവൻ കൊന്നൊടുക്കി. ഈ ചെയ്തുകൂട്ടിയതെല്ലാം അവനിലേക്ക് തന്നെ മടങ്ങിയെത്തുമെന്നാണ് ഇവിടെ പ്രവാചകൻ പറയുന്നത്. ബാബേൽരാജാവിനുണ്ടാകാൻ പോകുന്നത്, കാറ്റ് വിതച്ച് കൊടുങ്കാറ്റ് കൊയ്യുന്ന അനുഭവമാണ്.

ദൈവത്തെ മറന്നുകൊണ്ട് ചെയ്തുകൂട്ടുന്ന സകല പരാക്രമങ്ങൾക്കും ഒരുനാൾ കണക്കു പറയേണ്ടിവരും. എന്താണോ ചെയ്തത്, അതിന്റെ ഇരട്ടി ലഭിക്കും. അത് നല്ലതായാലും, മോശമായാലും ലഭിക്കും. അതുകൊണ്ട് നമ്മുടെ മുമ്പാകെ ലഭിച്ചിരിക്കുന്ന ചുരുങ്ങിയതും അനിശ്ചിതത്വം നിറഞ്ഞതുമായ നാളുകൾ വിവേകത്തോടും ഭക്തിയോടും കൂടി ചെലവിടുവാനുള്ള ഉത്തരവാദിത്തം നമുക്കുണ്ട്. അധികാരത്തിന്റെ ഹുങ്കിൽ മതിമറന്ന് തിളച്ചുമറിഞ്ഞവരെല്ലാം എവിടെ? ചരിത്രത്തിന്റെ താളുകളിൽ, തിളക്കം നഷ്ടപ്പെട്ട അന്ത്യകാലമാണ് അവർക്കുണ്ടായതായി രേഖപ്പെടുത്തിയിരിക്കുന്നത്.

ബാബേൽരാജാവായ നെബൂഖദ്നേസറിന്റെ ജീവിതത്തിലെ സംഭവങ്ങളെക്കുറിച്ച് നമുക്ക് ദാനിയേലിന്റെ പുസ്തകത്തിൽനിന്ന് വ്യക്തമായി മനസ്സിലാക്കാൻ കഴിയുന്നുണ്ടല്ലോ.

**(തുടരും)**

**എംവിഎസ്**

# മൈന്റ്ഫോക്കുലർ

23

## പാദവാർഷികപ്പരീക്ഷയും മാർക്കും!

ഓണത്തിനുമുമ്പ് സ്കൂളുകളിൽ നടന്ന പാദവാർഷികപ്പരീക്ഷയുടെ (Quarterly Exam) റിസൽട്ടെല്ലാം വന്നു. പഠിച്ചവർക്ക് നല്ല മാർക്കു ലഭിച്ചു. അല്ലാത്തവർക്ക് ഗോവിന്ദ! ഇനി അടുത്ത പരീക്ഷയ്ക്കു മുമ്പ് കുട്ടികൾ നന്നായി പഠിച്ചൊരുങ്ങണം. താഴെപ്പറയുന്ന ചില നിർദ്ദേശങ്ങൾ ശ്രദ്ധിക്കുക.

**1. ആത്മാർത്ഥത കാണിക്കുക:** ചെയ്യുന്ന ജോലിയിൽ പരാജയപ്പെടുന്നവർ ജീവിതത്തിൽ തന്നെ പരാജയപ്പെട്ടുപോകും. കുട്ടികളുടെ ഇപ്പോഴത്തെ പ്രധാന ജോലി 'പഠിക്കുക' എന്നതാണ്. ആ ജോലി ആത്മാർത്ഥതയോടെ ചെയ്യുക. എല്ലാവരും ഒരുപോലെ കഴിവുള്ളവരാകണമെന്നില്ല. അവനവന് ഉള്ള കഴിവ് വച്ച് ആത്മാർത്ഥത കാണിക്കാമല്ലോ. ആത്മാർത്ഥതയോടെ ചെയ്യുന്ന കാര്യവും അല്ലാത്തതും പെട്ടെന്നു തിരിച്ചറിയാൻ കഴിയും; ആത്മാർത്ഥതയും വിജയവും പരസ്പരം ബന്ധപ്പെട്ടിരിക്കുന്ന കാര്യങ്ങളാണ്.

**2. മുടങ്ങൽ പ്രവണത ഒഴിവാക്കുക:** മാർക്ക് കൂടുതൽ വാങ്ങിയ കുട്ടികളെല്ലാം, പരമാവധി ക്ലാസ്സുകൾ മുടങ്ങാതെ കൃത്യമായി അറ്റൻഡു ചെയ്യുന്നവരാണ്. മാർക്ക് കുറവുള്ള ഭൂരിഭാഗം പേരും ഇടയ്ക്കിടെ ഓരോ കാരണം പറഞ്ഞ് ക്ലാസ്സുകൾ മുടങ്ങുന്നവരോ, ഇനി ക്ലാസ്സിൽ വന്നാൽ തന്നെ ടീച്ചർമാർ ക്ലാസ്സെടുക്കുന്നത് ശ്രദ്ധിക്കാത്തവരോ ആണ്. ഓരോ ക്ലാസ്സും വിലപ്പെട്ടതാണ്. അത് ശ്രദ്ധിക്കണം. ആ സമയത്ത് കളിച്ചും ചിരിച്ചും വർത്തമാനം പറഞ്ഞും അലസരായി ഇരിക്കരുത്.

**3. വീരവാദങ്ങളും ദേഷ്യപ്പെടലും ഒഴിവാക്കുക:** "എല്ലാം പഠിച്ചു തീർന്നു", "ഇന്ന് ഒന്നും എടുത്തില്ല", "എപ്പൊ നോക്കിയാലും പഠിക്ക, പഠിക്ക എന്ന് മാത്രേ പറയാനുള്ളൂ", "ഞാൻ പഠിച്ചോളാം, എന്നെ നിർബന്ധിച്ചാൽ ഞാൻ പഠിക്കില്ല", എന്തൊക്കെ ബഹളങ്ങളായിരുന്നു! പരീക്ഷയുടെ മാർക്ക് വന്നപ്പോൾ ഈ ബഹളമുണ്ടാക്കിയവർക്കൊന്നും വേണ്ടത്ര മാർക്ക് കിട്ടിയില്ല. മാർക്ക് കുറഞ്ഞപ്പോൾ പുതിയ വീരവാദം: "അടുത്ത പരീക്ഷയ്ക്ക് വാങ്ങും." ശരി, നല്ലത്. എന്നിട്ട് വല്ലതും പഠിച്ചുതുടങ്ങിയോ? തുടങ്ങിയെങ്കിൽ നല്ലത്. ഇല്ലെങ്കിൽ അടുത്ത പരീക്ഷയ്ക്ക് വാങ്ങും എന്നു പറഞ്ഞത് വീട്ടുകാരെ വീണ്ടും പറ്റിക്കാനുള്ള വീരവാദം മാത്രമായേ ഇരിക്കുകയുള്ളൂ.

**4. തെറ്റായ കൂട്ടുകെട്ടുകൾ ഒഴിവാക്കുക:** നേരെ ചൊവ്വെ നടക്കാത്ത കൂട്ടുകാരെ ഒഴിവാക്കണം. ഒന്നുകിൽ അവരോട് നന്നാവാൻ പറയണം. നന്നാവാൻ അവർക്കു താത്പര്യമില്ലെങ്കിൽ ആ കൂട്ട്കെട്ട് ഉപേക്ഷിക്കുക. വീട്ടുകാർ നിങ്ങളെ വലിയ പ്രതീക്ഷയോടെയാണ് വളർത്തുന്നത് എന്ന സത്യം ഓരോ കുട്ടിയും തിരിച്ചറിയണം. പ്രേമം, ലഹരി തുടങ്ങിയവയിൽ ചെന്നു ചാടി, പഠനതാത്പര്യം കുറഞ്ഞ്, വീടിനും നാടിനും ഉപകാരമില്ലാത്തവരായി തീരാനല്ല നിങ്ങളുടെ വീട്ടുകാർ കഷ്ടപ്പെട്ട് നിങ്ങളെ വളർത്തുന്നത് എന്നു മനസ്സിലാക്കുക.

**5. കൃത്യമായ ടൈംടേബിൾ പ്രകാരം ജീവിക്കുക:** എപ്പോൾ ഉണരണം, എപ്പോൾ ഉറങ്ങണം, എത്ര നേരം പഠിക്കണം ഇതിനെക്കുറിച്ച് കൃത്യമായ ധാരണ ഓരോ കുട്ടിക്കും ഉണ്ടാകണം. കൃത്യമായ ടൈംടേബിൾ തയ്യാറാക്കി അതിൻപ്രകാരം ജീവിതത്തെ ക്രമപ്പെടുത്തിയാൽ, നിങ്ങളുടെ സ്വഭാവത്തിലും മാർക്കിലും വരുന്ന അതിശയകരമായ മാറ്റം നിങ്ങൾക്ക് അനുഭവിച്ചറിയാം. പരീക്ഷിച്ചു നോക്കൂ.

**6. മനസ്സിന്റെ താളം തെറ്റാതെ നോക്കണം:** നെഗറ്റീവായ ചിന്തകളെ മനസ്സിലേക്ക് ഇട്ടുകൊടുക്കരുത്. ആരോടെങ്കിലുമുള്ള ദേഷ്യം, സങ്കടം, എവിടെയെങ്കിലും പരാജയപ്പെട്ടത് ഇതെല്ലാം എപ്പോഴും ചിന്തിച്ചിരിക്കരുത്. മൊബൈലിന്റെ അമിതമായ ഉപയോഗം, ഓൺലൈൻ ഗെയിമുകൾ, കൊറിയൻ ബാൻഡിന്റെ പാട്ട്, കൊറിയൻ ഡ്രാമ ഇങ്ങനെയുള്ളതെല്ലാം തുടർച്ചയായി കണ്ട് മനസ്സ് അതിന്റെ അടിമയാകാൻ അനുവദിക്കരുത്. ഒരിക്കൽ മനസ്സിന്റെ താളം തെറ്റിയാൽ പിന്നെ അത് ഒന്നു നേരെയാക്കി കിട്ടാൻ വളരെ ബുദ്ധിമുട്ടേണ്ടിവരും. അതുകൊണ്ട് നല്ല ചിന്തകളെയും ആഗ്രഹങ്ങളെയും മനസ്സിലേക്ക് ഇട്ടുകൊടുത്ത് മനസ്സിനെ ശക്തമാക്കുക. ബൈബിൾ പറയുന്നത്, "സന്തോഷമുള്ള ഹൃദയം നല്ല ഔഷധം" എന്നാണ്. "A joyful heart is good medicine" (Proverbs 17:22). മനസ്സ് എപ്പോഴും സന്തോഷമായിരിക്കട്ടെ. അപ്പോൾ ജീവിതവും സന്തോഷമായിരിക്കും.

**7. മാതാപിതാക്കൾ മക്കളെ അന്ധമായി വിശ്വസിക്കരുത് :** കാരണം അവർ ഈ ലോകത്തിൽ വച്ച് ഏറ്റവുമധികം പറ്റിക്കുന്നത് നിങ്ങളെയാണ്. നുണ പറഞ്ഞും, കരഞ്ഞുകാണിച്ചും, പിണങ്ങിയും, പട്ടിണി കിടന്നും, ആത്മഹത്യാഭീഷണി മുഴക്കിയും, കൊഞ്ചിയും അവർ ഉദ്ദേശിക്കുന്ന കാര്യം നിങ്ങളിൽ നിന്ന് സാധിച്ചെടുക്കാനുള്ള അവരുടെ കഴിവ് – നിങ്ങളെ പറ്റിക്കാനുള്ള ആ കഴിവ് – ഇത്രയും നാളായിട്ടും നിങ്ങൾ തിരിച്ചറിയാതെ പോകരുത്. നുണയാണ് പല കുട്ടികളുടെയും ആയുധം. അതും വിശ്വസിച്ച് അദ്ധ്യാപകരുടെ മെക്കട്ട് കേറാനായി ചെല്ലരുത്. മക്കളെ ശ്രദ്ധിക്കുക. അവരുടെ തെറ്റായ കൂട്ടുകെട്ടുകളും ബന്ധങ്ങളും തിരിച്ചറിയുക.

# ഇമ്മാനുവിന്റെ സംശയങ്ങൾ 41

## എംവിഎസ്

## കള്ളിമുണ്ടും സഭായോഗവും!

*ഇമ്മാനു ഉൾപ്പെടെയുള്ള എല്ലാ കഥാപാത്രങ്ങളും സാങ്കല്പികമാണ്*

ഈ ദുനിയാവിൽ ഏറ്റവും കൂടുതൽ സംശയങ്ങൾ ചോദിച്ചിട്ടുള്ളത് ആരാണെന്ന് ഒരു ചോദ്യം ഏതെങ്കിലും പരീക്ഷയ്ക്ക് ചോദിച്ചാൽ, അതിന് ഒറ്റ ഉത്തരമേയുള്ളൂ – ഇമ്മാനു. എന്റെ ആകെക്കൂടിയുള്ള മോൻ.

കഴിഞ്ഞൊരു ദിവസം എന്റെ ഭാര്യ പറഞ്ഞത് എന്താണെന്നോ? ഇവന് ഇമ്മാനു എന്നല്ല പേരിടേണ്ടത്, തലവേദന എന്നു പേരിട്ടാൽ മതിയായിരുന്നുവെന്ന്... കാരണം സംശയങ്ങൾ ചോദിച്ച് ചോദിച്ച് എല്ലാവർക്കും തലവേദന സൃഷ്ടിക്കുന്നവനാണ് നാലാംക്ലാസ്സുകാരനായ ഈ ഇമ്മാനു.

“ഇമ്മാനുട്ടാ, വല്ല സംശയങ്ങളുമുണ്ടോ? ഉണ്ടെങ്കിൽ ചോദിക്ക്... ആന്റി മറുപടി പറയാൻ തയ്യാറായിദാ നിൽക്കുന്നു...”

ഞാനും ഭാര്യയും ഞെട്ടിത്തിരിഞ്ഞ് നോക്കിയപ്പോൾ കണ്ടത് ഇറ്റ്യാനംചേടത്തിയെ...

“ദൈവമേ, അന്ത്രോസ്ബ്രദറെ ഞാനും ഇവിടെ വരാണ്ടിരുന്നാൽ മതിയായിരുന്നു...” എന്റെ ഭാര്യ പിറുപിറുത്തു. അന്ത്രോസ്ബ്രദറും ഇറ്റ്യാനംചേടത്തിയും നേർക്കുനേരെ കണ്ടാൽ എന്താ സംഭവിക്കുകയെന്നു പറയാതിരിക്കുന്നതാണ് ഭേദം.

സംശയം ചോദിക്കാൻ ഒരാളെ കിട്ടിയ സന്തോഷത്തിൽ ഇമ്മാനു ചോദിച്ചു:

“പൂച്ച, പട്ടി, പശു ഇവയൊക്കെ കരയാറുണ്ട്. എന്താ ഇവരൊന്നും ചിരിക്കാത്തത്?”

ചോദ്യം കേട്ടതോടെ, കോമ്പസ്കൊണ്ട് നടുംപുറത്ത് കുത്ത് കിട്ടിയതുപോലെ ഇറ്റ്യാനം ഒരു നിൽപ്പ്... അതുകഴിഞ്ഞ് സ്ഥലകാലബോധം തിരിച്ചുകിട്ടിയപ്പോൾ ഇറ്റ്യാനം കുറെയങ്ങ് ചിരിച്ചു. ഹ,ഹ,ഹ എന്നിങ്ങനെയുള്ള ഇറ്റ്യാനത്തിന്റെ ചിരിയുടെ ശബ്ദം കേട്ടിട്ടാകണം തൊട്ടടുത്ത വീട്ടിൽനിന്ന് അന്ത്രോസ്ബ്രദർ ദേ വരുന്നു...

“നിന്ന് ചിരിച്ച് സമയം കളയാതെ എന്റെ സംശയത്തിന് മറുപടി പറ...” ഇമ്മാനു വിടാൻ തയ്യാറല്ല.

സ്വിച്ചിട്ടതുപോലെ ഇറ്റ്യാനത്തിന്റെ ചിരി നിന്നു.

പിന്നെ കഴുത്തിലേക്കും നെഞ്ചിലേക്കും കാറ്റു കിട്ടാനായി വായും ചുണ്ടുകളും ഒരു പ്രത്യേക രീതിയിൽ പിടിച്ച് ഊതി... അത് കഴിഞ്ഞ് ഇറ്റ്യാനത്തിന്റെ മറുപടി വന്നു:

“ഇമ്മാനുട്ടാ, ദേ അന്ത്രോസ് വരു

ന്നു. ഈ സംശയം അങ്ങോട്ട് ചോദി ക്ക്. പണ്ടിതനാ, പണ്ടിതൻ...”

‘‘അന്ത്രോസങ്കിൾ...’’ ഇമ്മാനുവിന്റെ വിളികേട്ട് അന്ത്രോസ്ബ്രദർ പറഞ്ഞത് ഇങ്ങനെ: “വല്ല സംശയമാണെങ്കിൽ ചോദിക്ക് ഇമ്മാനുട്ടാ... വെളിവും വെള്ളിയാഴ്ചയും ഇല്ലാത്ത ആളുകളോട് ചോദിച്ചിട്ട് കാര്യമില്ല”

തന്റെ നേരെ വിട്ട ഈ ഒളിയമ്പിന് ഇറ്റ്യാനം പ്രതികരിച്ചില്ല.

“പട്ടി കരയുന്നുണ്ട്. പക്ഷേ ചിരിക്കുന്നില്ല. എന്താ അങ്ങനെ?”

ഉടനെ വന്നു അന്ത്രോസ്ബ്രദറിന്റെ മറുപടി: “ആരു പറഞ്ഞു പട്ടി ചിരിക്കില്ലെന്ന്... ദേ ഇപ്പൊ തന്നെ ഞാൻ ഏതോ പട്ടി ഹ ഹ ഹ എന്ന് ചിരിക്കുന്ന ശബ്ദം കേട്ടല്ലോ...”

ഇത്തവണ ഇറ്റ്യാനത്തിന് ക്ഷമിക്കാൻ കഴിഞ്ഞില്ല...

‘‘നിന്നെ ഞാനിന്ന്...’’ എന്നും പറഞ്ഞ് ഇറ്റ്യാനം അന്ത്രോസ്ബ്രദറിന്റെ നേരെ കുതിച്ചു.

“എന്നാ നമുക്കൊന്നു കാണാം” എന്നും പറഞ്ഞ് അന്ത്രോസ്ബ്രദറും.

രണ്ടു അങ്കക്കോഴികളുടെയും ഇടയിൽ ഇമ്മാനു കയറിനിന്നു.. അപ്പോഴേക്കും മൂപ്പന്റെ സ്കൂട്ടറിന്റെ ശബ്ദം.. അങ്കക്കോഴികൾ പെട്ടെന്ന് പിന്മാറി.

മൂപ്പൻ കസേരയിൽ ഇരുന്നു.

“മൂപ്പനങ്കിൾ, എനിക്ക് പട്ടിയും പൂച്ചയുമൊക്കെ ചിരിക്കുന്നത് കാണണമെന്നുണ്ട്. എന്താ വഴി?” ഇമ്മാനുവിന്റെ ചോദ്യം.

മൂപ്പന്റെ മറുപടി: “മനുഷ്യൻ പ്രകടിപ്പിക്കുന്ന എല്ലാ ഭാവവും അതേപടി മറ്റു മൃഗങ്ങൾ പ്രകടിപ്പിക്കണമെന്നില്ല. സൃഷ്ടികളിൽ ഉന്നതമായതാണ് മനുഷ്യൻ. മൃഗങ്ങൾക്കില്ലാത്ത പല കഴിവുകളും മനുഷ്യനുണ്ട്.”

“മനുഷ്യനുള്ള കഴിവുകൾ മൃഗങ്ങൾക്കില്ലാത്തത് എന്തുകൊണ്ട് എന്നു ചോദിച്ചാൽ ഒറ്റ മറുപടിയേയുള്ളൂ: ദൈവം മൃഗങ്ങൾക്ക് ആ കഴിവ് കൊടുത്തില്ല, അത്ര തന്നെ.”

“നിന്റെ ഇന്നത്തെ സംശയക്കെട്ട് തീർന്നോടാ?” ഞാൻ തെല്ലു ദേഷ്യത്തോടെ ചോദിച്ചു. ഉടനെ അവൻ: “ഇല്ല, ഒരു സംശയം കൂടിയുണ്ട്.”

“ന്നാ ചോദിക്ക് ഇമ്മാനു” അന്ത്രോസ്ബ്രദർ പറഞ്ഞു.

അപ്പോഴേക്കുംഇറ്റ്യാനം:“അന്ത്രോസിനോടല്ലാട്ടോ ഇമ്മാനുട്ടാ, മൂപ്പനോട്... അന്ത്രോസിനോട് ചോദിക്കുന്നതിലും ഭേദം മുല്ലപ്പെരിയാറിൽ ചാടി ചാവുന്നതാണ്...”

മൂപ്പൻ അവിടെ ഉള്ളതുകൊണ്ട് മാത്രം അന്ത്രോസ്ബ്രദർ ക്ഷമിച്ചു.

ഇമ്മാനുവിന്റെ അടുത്ത സംശയം: ‘‘മൂപ്പനങ്കിൾ, കറുത്ത പാന്റ് ധരിച്ച് പ്രാർത്ഥനയ്ക്ക് വരാമെങ്കിൽ കറുത്ത മുണ്ടുടുത്ത് പ്രാർത്ഥനയ്ക്ക് വന്നാൽ എന്താണ് കുഴപ്പം?

ഇമ്മാനു വീണ്ടും: ‘‘പല നിറത്തിലും പുള്ളിയിലുമുള്ള സാരി ധരിക്കാമെങ്കിൽ അതുപോലെയുള്ള മുണ്ട് ധരിച്ചാൽ എന്താണ് പ്രശ്നം? കള്ളിമുണ്ട് ധരിച്ചു വന്നാൽ എന്താ പ്രശ്നം?’’

"ഢാാാാ...." ഞാനലറി. ഇമ്മാനു തെല്ലു ഭയത്തോടെ ഒന്നു ഒതുങ്ങിനിന്നു.

അപ്പോഴേക്കും ഇറ്റ്യാനം തന്റെ അഭിപ്രായം പറഞ്ഞു: "ഞങ്ങടെ യാക്കോബിറ്റ്പള്ളീല് പെമ്പിള്ളേര് വരുന്നതൊന്നു കാണണം. തുണി ഇട്ടിട്ടുണ്ടോന്ന് ചോദിച്ചാ ഇട്ടിട്ടുണ്ട്... ഇല്ലേന്ന് ചോദിച്ചാൽ ഇല്ല... തുണിയിലൊക്കെ എന്തു കാര്യം? മനസ്സ് നന്നായാ മതിയത്രേ"

ആരും ഒന്നും മിണ്ടിയില്ല. ഇറ്റ്യാനം തന്റെ പ്രഭാഷണം തുടർന്നു: "ഈ അന്ത്രോസിന്റെ മോള് പാറു നിങ്ങടെ ചർച്ച്മീറ്റിംഗിന് വരുമ്പോഴ് ഇടുന്ന ഡ്രസ്സും കോളേജിൽ പോകുമ്പോ ഇടുന്നതും നല്ല വ്യത്യാസമുണ്ടല്ലോ... ചർച്ചില് വരുമ്പോ ചുരിദാറ്... കോളേജില് പോകുമ്പോ..."

സഡൻബ്രേക്കിട്ടതുപോലെ ഇറ്റ്യാനം നിർത്തി. അന്ത്രോസ്ബ്രദറിന്റെ കണ്ണുകൾ രണ്ടു കനൽക്കട്ടകളായി മാറിയത് ഇറ്റ്യാനം കണ്ടിരുന്നു.

"ഇമ്മാനു..." മൂപ്പൻ വിളിച്ചു. "...എല്ലാം ഉചിതമായും ചന്തമായും നടത്തണം. നമ്മുടെ നാട്ടിൽ കള്ളിമുണ്ട് ഉടുത്ത് ജോലിക്ക് വരുന്നത് ആരും അനുവദിച്ചിട്ടില്ല. വ്യത്യസ്തകളറിലുള്ള പാന്റ്സും സാരികളും ഒക്കെ ധരിക്കുന്നത് നമ്മുടെ നാട്ടിൽ അനുവദനീയമാണ്. എന്നാൽ അതുപോലെ വ്യത്യസ്ത നിറങ്ങളിൽ മുണ്ടുകൾ ധരിച്ച് ജോലിക്കു പോകുന്നത് ആരും അനുവദിച്ചിട്ടില്ല."

"അങ്ങനെയൊരു രീതി നമ്മുടെ നാട്ടിൽ ഉണ്ടെങ്കിൽ സഭയിലും അത് ആകാം. കൂലിപ്പണിക്കു പോകുന്ന ഒരാൾ കള്ളിമുണ്ട് ധരിച്ചിട്ട് പോകും. പക്ഷേ അതേ ആള് വല്ല കല്യാണ സദ്യക്കോ മറ്റു വല്ല ഫങ്ഷനോ പോകുമ്പോൾ തന്റെ വസ്ത്രം മാറ്റും. ഇതാണ് നമ്മുടെ നാട്ടിലെ രീതി."

"ദൈവവചനം ഇതേക്കുറിച്ച് കൃത്യമായി മറുപടി പറഞ്ഞിട്ടില്ലാത്തതുകൊണ്ട് നമ്മുടെ നാട്ടിലെ പൊതുവായ രീതിയനുസരിച്ചുള്ള മാന്യമായ കാര്യങ്ങൾ ചെയ്യാൻ സാധിക്കുമെങ്കിൽ നാം അങ്ങനെ ചെയ്യണം."

"ഇല്ലെങ്കിൽ സമൂഹത്തിന്റെ മുമ്പാകെ നാം കോമാളികളെപ്പോലെയാകും. നമ്മുടെ നാട്ടിൽ കള്ളിമുണ്ടും കളർമുണ്ടും ഔദ്യോഗികവേഷമായി പരിഗണിക്കുന്ന കാലത്ത് സഭായോഗത്തിലും അവ ധരിച്ചുവരുന്ന കാര്യം ചിന്തിക്കാം. അല്ലാതെ നിവർത്തിയില്ല. ഇമ്മാനുവിന് മനസ്സിലായോ?"

"ഊം..." എന്നു പറഞ്ഞ് അവൻ തലയാട്ടി. അപ്പോഴേക്കും വന്നു ഇറ്റ്യാനത്തിന്റെ കമന്റ്:

"ന്റെ ഇമ്മാനുട്ടാ, ഈ ഇറ്റ്യാനം ആന്റി വെള്ളനിറത്തിലുള്ള മുണ്ടും ചട്ടയുമാണ് ധരിച്ചിരിക്കുന്നത്. പല നിറത്തിലുള്ള സാരി ധരിക്കുന്നതുപോലെ പല നിറത്തിൽ മുണ്ടും ചട്ടയും ഉണ്ടാക്കാറില്ല. അതിന് വെള്ള കളർ തന്നെ വേണം. അല്ലെങ്കി കോമാളിയാകും. അല്ലേ മൂപ്പാ?"

മൂപ്പൻ സംതൃപ്തിയോടെ തലയാട്ടി. ഇറ്റ്യാനം അഭിമാനത്തോടെ ഞെളിഞ്ഞുനിന്നുകൊണ്ട് അന്ത്രോസിബ്രദറിനെ നോക്കി.

എന്റെ ഡയറിക്കുറിപ്പുകൾ

-എംവിഎസ്-

# ഓർമ്മകൾ

(ചിന്തകൾ പന്തങ്ങളാകുമ്പോൾ)

37

## റാങ്കല്ല, ജസ്റ്റ് പാസ്സ്!

**2002**

പല കുട്ടികളും പല തരത്തിലുള്ള വരാണ്. ചിലർക്ക് പഠിച്ചാൽ മാർക്ക് കിട്ടും; പക്ഷേ പഠിക്കില്ല. വേറെ ചില കുട്ടികളുണ്ട്. കുറെ നേരം ഇരുന്ന് പഠിക്കും; പക്ഷേ എല്ലാ പരീക്ഷ യിലും തോൽക്കും.

പഠിച്ചത് ഓർമ്മയില്ല. അല്ലെങ്കിൽ ആകെയൊരു പരിഭ്രമം. വെപ്രാളം. ഇങ്ങനെയുള്ള ഒരു കുട്ടി എന്റെ ട്യൂഷൻസെന്ററിൽ പഠിക്കാൻ വന്നിരു ന്നു. എത്ര നേരം വേണമെങ്കിലും പഠി ക്കാൻ അവൻ തയ്യാറാണ്. പക്ഷേ പരീക്ഷയ്ക്ക് തോൽക്കും.

അദ്ധ്യാപകനായ ഞാൻ അവനെ ക്കുറിച്ച് ശരിയായി മനസ്സിലാക്കിക്കൊ ള്ളട്ടെ എന്നു കരുതിയാവണം അവ ന്റെ അപ്പൻ എന്നോടു ചില കാര്യ ങ്ങൾ പറഞ്ഞു.

“ഒരു ഞായറാഴ്ച അവന് പള്ളി യിൽ ബൈബിൾ വായിക്കേണ്ടതു ണ്ടായിരുന്നു. ഓരോ കുട്ടികളും മാറി മാറിയാണ് ഓരോ ഞായറാഴ്ചയും വായിക്കുക. ഇവന് വായിക്കാനുള്ള ദിവസത്തിന് രണ്ടു മൂന്നു ആഴ്ച കൾക്കു മുമ്പെങ്കിലും ഞാനും അവന്റെ അമ്മയും എല്ലാ ദിവസവും ബൈബിളിലെ വായിക്കേണ്ട ഭാഗമെ ടുത്ത് അവനെക്കൊണ്ട് വായിക്കും. പക്ഷേ പള്ളിയിൽ വായിക്കാനുള്ള സമയമായപ്പോൾ അവൻ ബൈബി ളും കയ്യിൽ വച്ച് ആകെ പരിഭ്രമിച്ച് ഒരു നിൽപ്പ്! മക്കളെ മാതാപിതാ ക്കൾ ശരിയായി ശ്രദ്ധിക്കാത്തതു കൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്ന ത് എന്നു അച്ചൻ പരസ്യമായി വിളി ച്ചു പറഞ്ഞു. എനിക്ക് ആകെ വിഷ മമായി.”

നൂറു ശതമാനം വിജയം സ്വപ്നം കണ്ട് കുട്ടികളെ പഠിപ്പിക്കുന്ന എന്റെ ട്യൂഷൻ സെന്ററിൽ വന്നു പഠിക്കുന്ന ഈ കുട്ടിയെക്കുറിച്ച് ഓർത്ത് ഞാനും നെടുവീർപ്പിട്ടു.

ആ അപ്പൻ മറ്റൊരു സംഭവവും കൂടി എന്നോടു പറഞ്ഞു:

“ഞങ്ങളെല്ലാവരും കൂടി പള്ളി യിൽ നിന്ന് വന്നപ്പോൾ വീടിന്റെ താക്കോൽ കാണാനില്ല. അവനാണ്

വീട് പൂട്ടിയത്. താക്കോൽ എവിടെ വച്ചു എന്ന് അവന് ഓർമ്മയില്ല. എനിക്ക് ദേഷ്യം വന്നു. ഞാനവനെ വടിയെടുത്ത് അടിച്ചു. അവൻ കരഞ്ഞുകൊണ്ട് നിന്ന് ആ തല്ലെല്ലാം കൊണ്ടു. അതിൽ ഒരടി അവന്റെ പാന്റിന്റെ പോക്കറ്റിന്റെ ഭാഗത്ത് കൊണ്ടപ്പോൾ അവിടെ ഒരു കിലുക്കം... അത് താക്കോലായിരുന്നു."

"പോക്കറ്റിൽ നോക്കാൻ ഞാൻ അവനോടു പറഞ്ഞിരുന്നതാണ്. എന്നിട്ടും അവൻ അത് കണ്ടില്ല. പാന്റിന്റെ പോക്കറ്റിൽ താക്കോലുള്ളപ്പോഴാണ് അവൻ ഈ അടിയെല്ലാം കൊണ്ടത്."

ഇതു പറയുമ്പോൾ അപ്പന്റെ ശബ്ദമൊന്നു പതറിയിരുന്നു.

ഓണപ്പരീക്ഷയിലും ക്രിസ്മസ്പരീക്ഷയിലുമൊക്കെ നമ്മുടെ കഥാനായകൻ പല വിഷയങ്ങളിലും തോറ്റു. ഇനി എസ്എസ്എൽസി പരീക്ഷ...

അക്കാലത്ത് നന്നായി പഠിച്ച് എഴുതിയാൽ മാത്രമേ എസ്എസ്എൽസി പരീക്ഷ പാസ്സാവുകയുള്ളൂ.

നൂറു ശതമാനം വിജയം എന്നു കാണിച്ച് എനിക്ക് നോട്ടീസ് അച്ചടിച്ചു വിതരണം ചെയ്യാനുള്ള ഭാഗ്യം ഇക്കൊല്ലമില്ല എന്നു ഞാൻ ചിന്തിച്ചു. അസാധ്യങ്ങളെ സാധ്യമാക്കിത്തരുന്ന ദൈവത്തോട് പ്രാർത്ഥിച്ചു.

അവനെ ഞാൻ ധൈര്യപ്പെടുത്തുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തു. നൂറു ശതമാനം വിജയത്തിനു തടസ്സമായേക്കാവുന്ന കുട്ടികളെ പറഞ്ഞുവിടുന്ന രീതി എനിക്കില്ല.

ദൈവത്തോട് പ്രാർത്ഥിച്ചു. ദൈവം പ്രാർത്ഥന കേട്ടു. അവൻ ജയിച്ചു.

*ദൈവം അങ്ങനെയാണ്. നാം നിസ്സഹായരാകുന്നിടത്ത് ദൈവം ഇടപെടും. നാം ദൈവത്തിൽ ആശ്രയിച്ചാൽ മതി. എന്നു കരുതി നാം വെറുതെ ഇരിക്കുകയുമരുത്. നമ്മെക്കൊണ്ട് കഴിയുന്നത് നാം ചെയ്യുക. ബാക്കിയെല്ലാം ദൈവം ചെയ്യും.*

*ഭരണികളിൽ വെള്ളം നിറക്കുന്നത് നമുക്ക് ചെയ്യാൻ കഴിയും. അതിനെ വീഞ്ഞാക്കി മാറ്റാൻ നമുക്ക് കഴിയില്ല. അത് ദൈവം ചെയ്യും. കാനായിലെ കല്യാണത്തിന് സംഭവിച്ചത് അതാണല്ലോ.*

*ലാസറിന്റെ കല്ലറയുടെ കല്ല് ഉരുട്ടിമാറ്റാനും, പിന്നീട് ലാസറിന്റെ കെട്ടഴിച്ചുവിടാനും നമുക്കു കഴിയും. പക്ഷേ മരിച്ച ലാസറിനെ ഉയിർപ്പിക്കാൻ നമുക്ക് കഴിയില്ല. അത് കർത്താവ് ചെയ്യും. ചെയ്തില്ലേ?*

*അയ്യായിരത്തിൽ അധികം പേരെ അമ്പത് വീതം പന്തിയായി ഇരുത്താൻ നമുക്ക് കഴിയും. പക്ഷേ അഞ്ചപ്പവും രണ്ടു മീനും വർദ്ധിപ്പിക്കാൻ നമുക്ക് കഴിയില്ല. അത് കർത്താവ് ചെയ്തുകൊള്ളും.*

*ഹെരോദാവ് കാരാഗൃഹത്തിൽ അടച്ച പത്രോസിനെ വിടുവിക്കാൻ നമുക്ക് കഴിയില്ല. പക്ഷേ അവന്റെ വിടുതലിനുവേണ്ടി പ്രാർത്ഥിക്കാൻ നമുക്കു കഴിയും. ഈ ചിന്തയോടെ അന്ന് കുറെ പേർ പ്രാർത്ഥിച്ചപ്പോൾ ദൈവം അത്ഭുതകരമായി പത്രോസിനെ വിടുവിച്ചില്ലേ?*

*നാം നിരാശപ്പെട്ട് തലയിൽ കയ്യും വച്ച് ഇരിക്കേണ്ടതില്ല. നമ്മുടെ പ്രശ്ന ത്തിന് നമുക്ക് ചെയ്യാൻ കഴിയുന്നത് നാം ചെയ്യുക. ബാക്കിയെല്ലാം ദൈവ ത്തിന് സമർപ്പിക്കുക.*

*ദൈവത്തിന് ഇഷ്ടപ്പെടാത്ത മാർഗ്ഗങ്ങളിലൂടെ സഞ്ചരിച്ച് നമ്മുടെ പ്രശ്നത്തിന് പരിഹാരം കാണാൻ നാം ഒരിക്കലും ശ്രമിക്കരുത്.*

*ആ കുട്ടിയോട് കോപ്പിയടിക്കാൻ ഞാൻ പറഞ്ഞില്ല. നന്നായി പഠിച്ച് പോയി, ആത്മവിശ്വാസത്തോടെ പരീക്ഷ എഴുതാനാണ് ഞാൻ പറ ഞ്ഞത്. ഇന്നത്തെപ്പോലെ ഇന്റേ ണൽമാർക്ക് (സി മാർക്ക്) ഇല്ലാത്ത ആ കാലഘട്ടത്തിൽ അവൻ പരീക്ഷ ജയിക്കുന്നത് ഏറെക്കുറെ അസാധ്യ മായിരുന്നു.*

*ദൈവത്തിൽ മാത്രമായിരുന്നു എന്റെ പ്രത്യാശ. ഞാനും ഭാര്യയും കൂടെക്കൂടെ ഈ വിഷയത്തിനു വേണ്ടി പ്രാർത്ഥിച്ചു. ട്യൂഷൻസെന്റർ തുടങ്ങി രണ്ടുമൂന്നു കൊല്ലം ആകു ന്നതേയുള്ളൂ.*

*തന്റെ മക്കളുടെ വേവലാതിയും പ്രാർത്ഥനയും മനസ്സിലാക്കുന്ന ദൈവം, അവരെ അവരുടെ പ്രശ്ന ങ്ങളിൽനിന്ന് വിടുവിക്കാൻ തക്ക വിധം മനസ്സലിവുള്ളവനാണ്.*

*ആ കുട്ടി കൂടുതൽ ധൈര്യ ത്തോടും ആത്മവിശ്വാസത്തോടും കൂടി പരീക്ഷ എഴുതാൻ ഇടയായി. അവൻ ആ ദിവസങ്ങളിൽ നന്നായി പഠിക്കാൻ ദൈവം ഇടയാക്കി. പഠിച്ച തെല്ലാം ഓർമ്മയിൽ തങ്ങാൻ ദൈവം കരുണ ചെയ്തു.*

*പരീക്ഷയുടെ തലേദിവസം യാതൊന്നും പഠിക്കാതെ മുഴുവൻ സമയവും അഭിഷേകാഗ്നി എന്ന പ്രോഗ്രാം ടിവിയിൽ കണ്ടു. റിസൽട്ട് വന്നപ്പോൾ എനിക്ക് എ പ്ലസ്.. എന്നു പറഞ്ഞുകേട്ടിട്ടുള്ള സാക്ഷ്യം പോലെയുള്ള ഉഡായിപ്പ് അല്ല ഇത്.*

*അവൻ തന്നെക്കൊണ്ട് കഴിയുന്ന വിധത്തിൽ പഠിച്ചു. ഞങ്ങൾ അവനു വേണ്ടി പ്രാർത്ഥിച്ചു. ബാക്കിയെല്ലാം ദൈവം ചെയ്തു.*

അവന്റെ അപ്പന്റെ സന്തോഷം ഒന്നു കാണേണ്ടതു തന്നെയായിരു ന്നു. അദ്ദേഹം വീട്ടിലേക്ക് വന്നു. മകന്റെ വിജയത്തെക്കുറിച്ച് വളരെ സന്തോഷത്തോടെ സംസാരിച്ചു. അദ്ദേഹത്തിന്റെ ആവേശവും സ ന്തോഷവും കണ്ടപ്പോൾ അവിടെ പണിയെടുക്കുന്നുണ്ടായിരുന്ന ഒരു ആശാരി ചോദിച്ചു:

“മോന് റാങ്ക് കിട്ടിയോ?” (അക്കാ ലത്ത് എസ് എസ് എൽസി പരീ ക്ഷയ്ക്ക് റാങ്ക് കൊടുക്കുമായിരുന്നു)

ആ അപ്പൻ ആശാരിയോട് പറ ഞ്ഞു: “റാങ്കല്ല ചേട്ടാ, അതിലും വലു താണ് എന്റെ മോന് കിട്ടിയത്. അവൻ ജസ്റ്റ് പാസ്സാണ്. പക്ഷേ എ നിക്കതിന് റാങ്കിനേക്കാൾ തിളക്കമു ണ്ട്.”

ആ വിജയത്തിന്റെ പിന്നിൽ ഞാനാണെന്ന് അദ്ദേഹം പറഞ്ഞു. അല്ല, ദൈവംതമ്പുരാൻ കനിഞ്ഞ താണ് എന്നു ഞാൻ മറുപടിയും കൊടുത്തു. വാസ്തവവും അതു തന്നെയാണല്ലോ.

REGISTERED
RNI No. KERMAL/2012/54719
Postal Reg. No. KL/TCR/51/2023-25
Licence No. KL/CR/TCR/WPP-01/2023-25
Licensed to Post Without Prepayment.

Published on
17th October 2023

Posted at
Thrissur RMS

**ആനുകാലികം**

## മാറ്റങ്ങളുമായി പൊരുത്തപ്പെടാത്തവർ!

കർണ്ണാടകയിൽ ബിജെപി സർക്കാർ ഭരിച്ചപ്പോൾ ക്രൈസ്തവമേഖല വല്ലാതെ ബുദ്ധിമുട്ടിയിരുന്നു. പ്രാർത്ഥനാഹാളിലേക്ക് വടിയുമായി ഇരച്ചുകയറി വന്ന് ശുശ്രൂഷകന്മാരേയും വിശ്വാസികളേയും ഭീഷണിപ്പെടുത്തുകയോ തല്ലിയോടിക്കുകയോ ഒക്കെ ചെയ്ത പല സംഭവങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിരുന്നു. ബിജെപി ഭരിക്കുന്നിടത്തെല്ലാം ക്രിസ്ത്യാനികളുടെ സ്ഥിതി ഏറെക്കുറെ ഇതുതന്നെയാണ്. ഈ വർഷം നടന്ന ഇലക്ഷനിൽ ബിജെപിയെ പരാജയപ്പെടുത്തി കോൺഗ്രസ് അധികാരത്തിലെത്തി. മതേതരത്വം എന്ന ആശയത്തിന് കൂടുതൽ പ്രാധാന്യം വന്നു. പക്ഷേ രാഷ്ട്രീയമാറ്റങ്ങൾ ഉൾക്കൊള്ളാതെ, പ്രാർത്ഥനക്കാരെ തല്ലിയോടിക്കൽ തങ്ങളുടെ നിയോഗമായി കരുതിയ നമ്മുടെ ആ പഴയ സുഹൃത്തുക്കൾ വീണ്ടും പ്രാർത്ഥനാസ്ഥലത്തേക്ക് പഴയതുപോലെ, പഴയ ഓർമ്മയുടെ പരിലാളനയിൽ ഇരച്ചുകയറി. 2023 സെപ്റ്റംബർ 5 ലെ പത്രങ്ങൾ റിപ്പോർട്ട് ചെയ്തത് താഴെ കൊടുക്കുന്നു:

> കർണ്ണാടകയിൽ പ്രാർത്ഥനായോഗം മുടക്കി ഹിന്ദു സംഘടനകൾ: നിർബന്ധിത മതപരിവർത്തനം ആരോപിച്ച് തീവ്രഹിന്ദു സംഘടനാ പ്രവർത്തകർ പ്രാർത്ഥന തടസ്സപ്പെടുത്തിയതായി പരാതി. ക്രൈസ്തവ പ്രാർത്ഥനാഹാളിലേക്ക് തള്ളിക്കയറിയായിരുന്നു പ്രതിഷേധം. പോലീസ് ഇടപെട്ടു. നിർബന്ധിത മതപരിവർത്തനത്തിനു കേസേടുക്കണമെന്ന ആവശ്യം പോലീസ് അംഗീകരിച്ചില്ല. മുൻ ബിജെപി സർക്കാർ പാസാക്കിയ നിർബന്ധിത മതപരിവർത്തന നിയമം ഭേദഗതി ചെയ്യുമെന്ന് മുഖ്യമന്ത്രി സിദ്ധരാമ്മയ്യ പ്രഖ്യാപിച്ചിരുന്നു

Printed, published and owned by Sebastian M.V. Printed at Chirayath Printers, Mannuthy P.O., Thrissur, Kerala-680 651. Published at Real Life, Mamparampil House, Kottekad, Kuttur P.O., Thrissur - 680 013. **Editor:** Sebastian M.V